بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 32

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ആഗസ്റ്റ് 12/ഹി.ശം. 1400 ളുഹൂർ 12/1443 മുർറം 2

## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ اٰمَنُوۡا وَالَّذِیۡنَ ہَادُوۡا وَالصّٰبِـُٔوۡنَ وَالنَّصٰرٰی مَنۡ اٰمَنَ بِاللّٰہِ وَالۡیَوۡمِ الۡاٰخِرِ وَعَمِلَ صَالِحًا فَلَا خَوۡفٌ عَلَیۡہِمۡ وَلَا ہُمۡ یَحۡزَنُوۡنَ ○

വിശ്വസിച്ചവരും(മുസ്ലിമീങ്ങളും) യഹൂദികളായവരും സാബിഉകളും ക്രിസ്ത്യാനികളും(അവരിൽനിന്ന്) ആര് അല്ലാഹുവിലും അന്ത്യനാളിലും (യഥാർഥത്തിൽ) വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക്(ഭാവിയെക്കുറിച്ച്) ഒരുഭയവും ഉണ്ടാകുകയില്ല.(കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ വ്യസനിക്കുകയുമില്ല. (5:70)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**സന്ദർഭോചിതം ധനം ചെലവഴിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നതിന്റെ ശ്രേഷ്ഠത**

(1409) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു:രണ്ടു കാര്യങ്ങളിലെ അസൂയപാടുള്ളു. ഒരാൾക്ക് അല്ലാഹു ധനം നല്കുകയും ആ ധനം സത്യമാർഗത്തിൽ ചെലവു ചെയ്യാൻ അയാൾ നീക്കി വെക്കുകയും ചെയ്യുന്നു. (ഇയാളോടു അസൂയയാവാം). മറ്റൊരാൾക്ക് അല്ലാഹു വിദ്യ നല്കുകയും ആ വിദ്യകൊണ്ട് അയാൾ (മനുഷ്യർക്കിടയിൽ) വിധി കല്പിക്കുകയും മനുഷ്യർക്കത് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. (ഇയാളിലും അസൂയയാവാം)

**നല്ല സമ്പാദ്യത്തിൽനിന്ന് ധർമം ചെയ്യൽ**

(1410)ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ആരെങ്കിലും തന്റെ പരിശുദ്ധസമ്പാദ്യത്തിൽനിന്ന് - പരിശുദ്ധ വസ്തുമാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളു - ഒരു കാരക്കയോളം ധനം ചെലവു ചെയ്താൽ അല്ലാഹു അത് തന്റെ വലംകൊണ്ട് സ്വീകരിക്കും. പിന്നീട് നിങ്ങളിലൊരാൾ തന്റെ പശുക്കിടാവിനെ പോറ്റി വളർത്തുംപോലെ ഒരു മലയോളം വലതാകുംവരേക്കും അല്ലാഹു അതിനെ വളർത്തിക്കൊണ്ടുപോരുന്നതാണ്. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)*

****

## ഈ ലക്കത്തിൽ

ഖുത്വ്ബ 2021 ജൂലായ് 09 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്

## നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**

****

## അല്ലാഹുനിയോഗിച്ചവരേയും അവന്റെ മിത്രങ്ങളേയും എതിർക്കുന്നതും അവരെ പീഢിപ്പിക്കുന്നതും ഒരിക്കലും സൽഫലം നല്കുകയില്ല. താൻ അവരെ ബുദ്ധിമുട്ടിച്ചും വിഷമിപ്പിച്ചും തനിക്ക് സൗഖ്യം പ്രാപിക്കാൻ കഴിയുമെന്ന് ആരാണോ കരുതുന്നത് അവൻ കഠിനമായ തെറ്റാണ് ചെയ്യുന്നത്. ശരീരേച്ഛ അവനെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. ശരീരേച്ഛ അവനെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. എന്നോർത്ത് അവനെ ഭയപ്പെടുന്നവരാകുമായിരുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ആരെങ്കിലും തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ ഒരാളെ സ്നേഹിക്കുമ്പോൾ വേറൊരാൾ ആവർത്തിച്ച് ഇവൻ മരിച്ചുപോകട്ടെയെന്നോ അല്ലെങ്കിൽ അതുപോലുള്ള മനസ്സിനെ വ്രണപ്പെടുത്തുന്ന കാര്യങ്ങൾ പറയുകയോ അവൻ ബുദ്ധിമുട്ടിക്കുകയോ ചെയ്താൽ അവനെങ്ങനെയാണ് അതിൽ സന്തോഷിക്കാൻ കഴിയുക. തന്റെ മകനെ ശപിക്കുകയും അല്ലെങ്കിൽ അവനെ കുറിച്ച് വേദനയുണ്ടാക്കുന്ന വചനങ്ങൾ പറയുകയും ചെയ്താൽ അത്തരം ആളെ എങ്ങനെ സ്നേഹിക്കാനാണ്? അതിനുകഴിയുകയില്ലെന്നത് ചട്ടപരമായ കാര്യമാണ്. ഇതുപോലെ അല്ലാഹുവിന്റെ വലിയ്യുമാരും അല്ലാഹുവിന്റെ കുട്ടികളുടെ(അത്ഫാലുല്ലാഹ്) വർണം ഉൾക്കൊള്ളുന്നു. കാരണം അവർ ശാരീരികമായ പ്രായപൂർത്തിയുടെ വസ്ത്രം ഊരിവെക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മടിത്തട്ടിൽ വളരുകയും ചെയ്തു. അവൻ അവരുടെ മുത്തവല്ലിയും ജാമ്യക്കാരനും അവർക്കുവേണ്ടി ആത്മീയരോഷം ഉൾക്കൊള്ളുന്നവനുമാകുന്നു. ഏതെങ്കിലും ആൾ (അയാൾ എത്രമാത്രം നമസ്കരിക്കുന്നവനും നോമ്പുപിടിക്കുന്നവനും ആണെങ്കിൽത്തന്നെയവും )അവരെ എതിർക്കുന്നു. അവരെ ബുദ്ധിമുട്ടിക്കാൻ അരയും തലയും മുറുക്കി ഇറങ്ങുന്നു. അപ്പോൾ അല്ലാഹുവിന്റെ ആത്മീയരോഷം അലയടിക്കുന്നു. അവരെ എതിർക്കുന്നവരുടെമേൽ അവന്റെ കോപം ജ്വലിച്ചുയരുന്നു. കാരണം അവർ അവന്റെ ഒരു സ്നേഹിതനെ പീഢിപ്പിക്കാനാഗ്രഹിച്ചു. ആ നേരത്ത് അവന്റെ നമസ്കാരമോ നോമ്പോ ഒന്നും അവർക്ക് പ്രയോജനപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ നമസ്കാരവും നോമ്പും മുഖേന സന്തോഷപ്പിക്കേണ്ട ആളെ മറ്റൊരു കർമം കൊണ്ട് വെറുപ്പിച്ചു. അപ്പോൾ ദൈവകോപം അകലാത്തിടത്തോളം തൃപ്തിയുടെ സ്ഥാനം അവനെങ്ങനെ കിട്ടാനാണ്. ആ അജ്ഞൻ ഈ കോപത്തിന്റെ കാര്യഹേതുക്കൾ അറിയാത്തവനാണ്. എന്നല്ല തന്റെ നമസ്കാരത്തിലും നോമ്പിലും ഒരു അഹങ്കാരവും ഗർവമുണ്ടാകുന്നു. അതിന്റെ ഫലമെന്താണെന്നാൽ അല്ലാഹുവിന്റെ കോപം നിത്യേന വർധിച്ചുകൊണ്ടുപോകുന്നു. അവൻ ദൈവസാമീപ്യം പ്രാപിക്കുന്നതിനു പകരം ദിനേന അല്ലാഹുവിൽനിന്ന് അകന്നകന്ന് പോകുന്നു. അങ്ങനെ അവസാനം ദൈവസന്നിധയിൽനിന്നുതന്നെ പുറത്താകുന്നു. എന്നാൽ, തികച്ചും ഫനായുടെ(ലയനം)അവസ്ഥയിലാകുകയും ദൈവസവിധത്തിൽ വീഴുകയും പരിപാലനത്തിന്റെ മടിത്തട്ടിൽ വളരുകയും ചെയ്ത വ്യക്തിയെ അല്ലാഹുവിന്റെ കാരുണ്യം പുതച്ചു വെച്ചിരിക്കുന്നു. എത്രത്തോളമെന്നാൽ അവന്റെ സംസാരം അല്ലാഹുവിന്റെ സംസാരമായിത്തീരുന്നു. അവന്റെ സുഹൃത്ത് അല്ലാഹുവിന്റെ സുഹൃത്തായിത്തീരുന്നു. അല്ലാഹുവിന്റെ ശത്രുവായിക്കൊണ്ട് ഏതെങ്കിലുമൊരാൾക്ക് എങ്ങനെയാണ് കാമിൽമുഅ്മിൻ(സമ്പൂർണ മുഅ്മിൻ) ആകാൻ കഴിയുക? ഇപ്രകാരം അവന്റെ ഈമാൻ പാഴായിപ്പോകുന്നു. അവനെ മഗ്ളൂബിഅലയ്ഹിമിൽ ആക്കിത്തീർക്കുന്നു. അല്ലാഹുനിയോഗിച്ചവരേയും അവന്റെ മിത്രങ്ങളേയും എതിർക്കുന്നതും അവരെ പീഢിപ്പിക്കുന്നതും ഒരിക്കലും സൽഫലം നല്കുകയില്ല. താൻ അവരെ ബുദ്ധിമുട്ടിച്ചും വിഷമിപ്പിച്ചും തനിക്ക് സൗഖ്യം പ്രാപിക്കാൻ കഴിയുമെന്ന് ആരാണോ കരുതുന്നത് അവൻ കഠിനമായ തെറ്റാണ് ചെയ്യുന്നത്. ശരീരേച്ഛ അവനെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 314, ഖാദിയാൻ പ്രസിദ്ധീകരണം 2018)*

## നബി ദൈവനുഗ്രഹത്താൽ പാപരഹിതനാകുന്നു. അപ്പോൾപ്പിന്നെ നബി ഇഗ്ഫിർലീ എന്ന് ദുആ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണ്?

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) സൂറ ഇബ്റാഹീം നാൽപത്തി രണ്ടാം വചനമായ **റബ്ബനഗ്ഫിർലീ വലിവാലിദയ്യ വലിൽമുഅ്മിനീന യൗമ യഖൂമുൽ ഹിസാബു** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: നബി ദൈവനുഗ്രഹത്താൽ പാപരഹിതനാകുന്നു. അപ്പോൾപ്പിന്നെ നബി 'ഇഗ്ഫിർലീ' (എനിക്കു പൊറുത്തുതരേണമേ)എന്ന് ദുആ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണ്? യഥാർഥത്തിൽ ഈശ്വരനെ തിരിച്ചറിയാത്ത മനുഷ്യന്റെ ദൃഷ്ടി പരിമിതമാകുന്നു. അവന്റെ ദൃഷ്ടി മനുഷ്യൻവരെ മാത്രമെ പോകുകയുള്ളു. മനുഷ്യൻവരെമാത്രമെ ശാന്തിപ്രാപിക്കുകയുമുള്ളു. എന്നാൽ, ദൈവജ്ഞാനിയുടെ ദൃഷ്ടി മുകളിൽ വരെ പോകന്നു. ഉയർന്നുയർന്നു പോകുന്നു. ദാസന് അല്ലാഹുവിനെ നേരിടാൻ എന്തു കഴിവാണുള്ളതെന്ന് അവൻ മനസ്സിലാക്കുന്നു. ഒരു അണുവിന് സൂര്യനു മുന്നിൽ എന്ത് നിലയാണുള്ളത്. മനുഷ്യൻ അവന്റെ ഒരു സൃഷ്ടിയാണ്. അവന്റെ ജീവിതവും അല്ലാഹു തന്നെ പ്രദാനം ചെയ്തിട്ടുള്ളതാണ്. സന്മാർഗവും അവനിൽനിന്നാണ് വരുന്നത്. എത്രമനോഹരമായ നിലയിലാണ് കവി ഗാലിബ് പറഞ്ഞത്:

**ജാൻ ദീ ദീ ഹുയി ഉസീ കി ഥീ**
**ഹഖ് തൊ യെ ഹെ ഹഖ് അദാ ന ഹുവാ**

ജീവൻ തന്നത് ദൈവം തന്നെയാണ്. അത് അവന്റെ മാർഗത്തിൽ കൊടുത്തുഎന്ന് വെച്ച് കടമ നിറവേറ്റപ്പെടുന്നില്ല.

നബി ദൈവജ്ഞാനിയാകുന്നു. നബി തന്റെ അസ്തിത്വത്തെ നോക്കുന്നു. താനെന്താണോ ചെയ്തുകൊണ്ടിരിക്കുന്നത് അത് യഥാർഥത്തിൽ താനല്ല പ്രത്യുത ദൈവമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം അറിയുന്നു. അതുകൊണ്ട് അദ്ദേഹം ദുആ ചെയ്യുന്നു: 'അല്ലാഹുവേ! എന്റെ അസ്തിത്വത്തെ കൂടുതൽക്കൂടുതൽ മറച്ചുവെച്ചാലും. നിന്റെ അസ്തിത്വത്തെ കൂടുതൽക്കൂടുതൽ പ്രകടിപ്പിച്ചാലും.' ഇങ്ങനെയാകുമ്പോൾ 'ഇഗ്ഫിർലീ' എന്നതിന്റെ അർഥം അല്ലാഹുവേ!നിനക്ക് എന്നോടു സ്നേഹബന്ധം തന്നെയാണുള്ളത്. നീ നിന്റെ മറ എന്നിൽ ഇട്ടാലും. അതായത് എന്റെ അസ്തിത്വത്തെ മായിച്ച് നിന്റെ അസ്തിത്വം ഞാൻ മുഖേന പ്രകടമാകുമാറാകട്ടെ. ദാസൻ മുഖേന അല്ലാഹുവിന്റെ എത്രത്തോളം അസ്തിത്വം പ്രകടമാകുമോ അത്രത്തോളം അവൻ തന്റെ സദുദ്ദേശ്യങ്ങളിൽ വിജയിക്കുന്നതായിരിക്കുമെന്ന കാര്യം പ്രകടമാണ്.

അതേ! മറ്റുള്ളവർക്കുവേണ്ടി ഈ പദം പറയുമ്പോൾ ആ നേരത്ത് അതിന്റെ നയതന്ത്ര മര്യാദ അനുസരിച്ചുള്ള അർഥമായിരിക്കും പറയുക. ഉന്നതനിലയിലുള്ള ഒരു

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഹദ്റത്ത് ഉമർ(റ)സമത്വവും നീതിയും കോടതിയിൽ നിലനിറുത്തണമെന്ന് ഉപദേശിച്ചു.**

ഹദ്റത്ത് ഉമർ(റ) ശരീഅത്ത് നിയമങ്ങൾ അറിയുന്നതിനുവേണ്ടി ഇഫ്താ വകുപ്പ്(മതവിധി നല്കൽ വകുപ്പ്) സ്ഥാപിച്ചു. ചില സ്വഹാബാക്കളെ നിയമിച്ചു. അവരെക്കൂടാതെ ആരിൽനിന്നും ഫത്വാ(മതവിധി)എടുക്കുകയില്ല.

ഹദ്റത്ത് ഉമർ(റ)രാജ്യത്ത് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി **'അഹ്ദാഥ്'** അതായത് പോലീസ് വകുപ്പ് സ്ഥാപിച്ചു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്,**
**ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

'അൽഖവിയ്യുൽഅമീ'നെ കാണാൻ ആഗ്രഹിക്കുന്നവർ ഈ വ്യക്തിയെ(ഹദ്റത്ത് ഉമറിനെ)നോക്കുക.

അല്ലയോ ജനങ്ങളേ!ഉമറിനും അദ്ദേഹത്തിന്റെ കുടുംബത്തിനുംവേണ്ടി അവർ അടുത്തവരായാലും അകന്നവരായാലും അവർക്കുള്ള അവകാശം സാധാരണ മുസ്ലിമീങ്ങൾക്കുള്ളതു മാത്രമായിരിക്കും.

**ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)സംരംഭം കുറിച്ച് കാര്യങ്ങൾ**

ഇന്തൊനേഷ്യയിലെ സുരിപ്തോ ഹാദി സിസ്‌വോയോ(Suripto Hadi Siswoyo) സാഹിബ്, നങ്കാനസാഹിബു ജില്ലയിലെ അല്ലാഹ് ദാദ് സാഹിബ് ഭൂഡോയുടെ മകൻ ചൗദരീ ബശീർ അഹ്മദ് ഭട്ടി സാഹിബ്, ചൗദരീ അല്ലാഹ് രഖാ മൽഹീ സാഹിബ് ദാറുന്നസ്ർ പശ്ചിമ റബ്വയുടെ മകൻ ഹമീദുല്ലാഹ് ഖാദിം മൽഹീ സാഹിബ്, പിശാവറിലെ മുഹമ്മദ് അലി ഖാൻ സാഹിബ്, മെരിലാന്റിലെ(അമേരിക്ക)സാഹിബ് സാദ മഹ്ദീ ലത്വീഫ് സാഹിബ്, ഫയ്ളാൻ അഹ്മദ് സമീർ ബിൻ ശഹ്സാദ് അക്ബർ സാഹിബ് എന്നീ പരേതാത്മക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 ജൂലായ് 09/1400 വഫാ 09,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചുള്ള വിവരണമാണ് തുടരുന്നത്. 'ഖളാ വകുപ്പ് സ്ഥാപിതമായതിനെക്കുറിച്ച് ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഉമർ വ്യവസ്ഥാപിതമായ നിലയിൽ ഖളാ സംവിധാനം നിലവിൽ കൊണ്ടുവന്നു. എല്ലാ ജില്ലകളിലും കോടതികൾ സ്ഥാപിക്കുകയും ഖാളിമാരെ (ന്യായാധിപന്മാരെ)നിയമിക്കുയും ചെയ്തു. ഹദ്റത്ത് ഉമർ ഖളാ സംബന്ധമായുള്ള നിയമങ്ങളും ചട്ടങ്ങളും പാസ്സാക്കി.' *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 195-198, ഇദാറയെ ഇസ്ലാമിയാത്ത് കറാച്ചി. 2004)*

ഖാളിമാരെ തിരഞ്ഞെടുക്കുമ്പോൾ കർശാസ്ത്രപണ്ഡിതന്മാരെയായിരുന്നു പരിഗണിച്ചിരുന്നത്. പക്ഷേ, ഹദ്റത്ത് ഉമർ(റ) അതിൽമാത്രം തൃപ്തനായിരുന്നില്ല. മറിച്ച് അവരെ പരീക്ഷിക്കുകയും ചെയ്തിരുന്നു. തെറ്റായവിധി കൈക്കൊള്ളാതിരിക്കാൻ ഖാളിമാർക്ക് ഭീമമായ ശമ്പളവും നിശ്ചയിച്ചിരുന്നു. ധനികരും ആദരണീയരുമായ വ്യക്തികളെയായിരുന്നു ഖാളിയായി നിശ്ചയിച്ചിരുന്നത്. തീരുമാനമെടുക്കുമ്പോൾ മറ്റുള്ളവരാൽ പ്രഭാവിതരാകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. കോടതിയിൽ സമത്വവും നീതിയും പാലിക്കാൻ ഹദ്റത്ത് ഉമർ(റ)ഉപദേശിക്കുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബും അദ്ദേഹവും തമ്മിൽ ഒരു വഴക്കുണ്ടായി. ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിന്റെ കോടതിയിൽ ഹദ്റത്ത് ഉബയ്യ്, കേസ്സുകൊടുത്തു. ഹദ്റത്ത് സയ്ദ്(റ), ഹദ്റത്ത് ഉമറിനേയും ഹദ്റത്ത് കഅ്ബിനേയും വിളിപ്പിച്ചു.

യിരുന്നു. ഹിജ്റ 15-ൽ ബഹ്റയ്നിൽനിന്ന് 5 ലക്ഷം രൂപ വന്നു. അപ്പോൾ അതെന്താണ് ചെയ്യേണ്ടതെന്ന് ഹദ്റത്ത് ഉമർ സ്വഹാബത്തിനോടു ചോദിച്ചു. സിറിയ രാജ്യത്ത് ഖജനാവ് വ്യവസ്ഥയുണ്ടെന്ന് അഭിപ്രായം ലഭിച്ചു. അത് ഉമർ ഇഷ്ടപ്പെട്ടു. അങ്ങനെ മദീനയിൽ ബയ്ത്തുൽമാലിന് തുടക്കം കുറിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർഖമിന് ഖജനാവിന്റെ ചുമതല നല്കി. പിന്നീട് മദീനയ്ക്കു പുറമെ എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന നഗരങ്ങളിലും ബയ്ത്തുൽമാൽ രൂപകല്പന ചെയ്യപ്പെട്ടു.ശേഷം അതിന് കാവൽ ഏർപ്പെടുത്തി. സെക്യൂരിറ്റി സംവിധാനം സജീവമാക്കി. ബയ്ത്തുൽമാലിന്റെ ധനത്തെ ഹദ്റത്ത് ഉമർ സ്വയം സംരക്ഷിച്ചിരുന്നു. ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഉമറിന്റെ സ്വതന്ത്രനാക്കിയ അടിമ വന്നിരുന്നു. ഹദ്റത്ത് ഉമർ കെട്ടിടനിർമാണത്തിൽ മിതവ്യയം പാലിച്ചിരുന്ന വ്യക്തിയായിരുന്നു. എന്നാൽ, ബയ്ത്തുൽമാലിനായി വളരെ അടിയുറപ്പുള്ള പ്രൗഢഗംഭീരമായ കെട്ടിടം അദ്ദേഹം പണിതു. ഒരു ദിവസം കൊടും ചൂടായിരുന്നു. ഞാൻ ഉഥ്മാനോടൊപ്പം 'ആലിയ' എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ കന്നുകാലികൾ മേയുന്നിടത്തായിരുന്നു. മദീനയിൽനിന്ന് നജ്ദിന്റെ ഭാഗത്ത് നാലു മുതൽ എട്ടു മൈലുകൾക്കിടയിലുള്ള താഴ്വരയാണ് 'ആലിയ' എന്നു പറയുന്നത്. രണ്ടു യുവ ഒട്ടകങ്ങളെ തെളിച്ചുകൊണ്ടുവരുന്ന ഒരാളെ കണ്ടു. അതായത് ഒരു വ്യക്തി വരുന്നു. രണ്ടു യുവ ഒട്ടകങ്ങൾ അയാളുടെ മുന്നിൽ നടക്കുന്നത് ഹദ്റത്ത് ഉഥ്മാൻ കാണുകയുണ്ടായി. നിലം ചുട്ടുപൊള്ളുന്നുണ്ടായിരുന്നു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: 'ഇയാൾക്കിത് എന്തുപറ്റി? ഈ വ്യക്തി മദീനയിലുള്ള ആളാണെങ്കിൽ, കാലാവസ്ഥ തണുത്തശേഷം ഒട്ടകത്തെ പുറത്തിറക്കിയാൽ അയാൾക്കത് നല്ലതായിരുന്നു. ആ ഭൃത്യൻ പറയുന്നു, ആ വ്യക്തി അടുത്തെത്തിയപ്പോൾ ഹദ്റത്ത് ഉഥ്മാൻ എന്നോടു പറഞ്ഞു: 'ആരാണിതെന്ന് നോക്കുക.' ഞാൻ പറഞ്ഞു: 'രണ്ടു യുവഒട്ടകങ്ങളേയും തെളിച്ചുവരുന്ന പുതുപ്പ് മാടിപ്പുതച്ചുകൊണ്ടുള്ള ഒരാളാണ് വരുന്നത്.' ആ വ്യക്തി കൂടുതൽ സമീപത്തെത്തിയപ്പോൾ ഹദ്റത്ത് ഉഥ്മാൻ വീണ്ടും അതാരാണെന്ന് നോക്കാൻ ആവശ്യപ്പെട്ടു. ഞാൻ നോക്കുമ്പോൾ അത് ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ആയിരുന്നു. ഞാൻ പറഞ്ഞു, ഇത് അമീറുൽമുഅ്മിനീൻ ആണല്ലോ? അപ്പോൾ ഹദ്റത്ത് ഉഥ്മാൻ എഴുന്നേറ്റു. വാതിലിന്നരികിൽനിന്ന് പുറത്തേക്ക് തലയിട്ടു. ഉഷ്ണക്കാറ്റിന്റെ പ്രഹരമേറ്റപ്പോൾ അദ്ദേഹം തല ഉള്ളിലാക്കി. എന്നിട്ട് ഉടൻ ഉമറിനെ നോക്കി ചോദിച്ചു. എന്ത് നിർബന്ധിതാവസ്ഥ കാരണമായാണ് അങ്ങ് ഈ സമയത്ത് വീടു വിട്ടിറങ്ങിയിരിക്കുന്നത്. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: സ്വദഖയായിട്ടുള്ള ഒട്ടകങ്ങളിൽ ഈ രണ്ടെണ്ണം മാത്രം പിറകിലായിപ്പോയി. ബാക്കി എല്ലാത്തിനേയും കൊണ്ടുപോയി. അതുകൊണ്ട് ഇവയേയും മേച്ചിൽപ്പുറത്തേക്ക് എത്തിക്കാമെന്ന് ഞാൻ കരുതി. ഇവരണ്ടും നഷ്ടപ്പെട്ടുപോയാലോ എന്നും ഞാൻ ഭയക്കുന്നു. അങ്ങനെ വന്നാൽ അല്ലാഹു എന്നെ വിചാരണ ചെയ്തേക്കാം. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: 'യാ! അമീറുൽമു

അ്മിനീൻ അങ്ങ് തണലിലേക്ക് നീങ്ങിനിന്നാലും. വെള്ളം കുടിച്ചാലും. ഞങ്ങളുണ്ടല്ലോ ഇനി അങ്ങയ്ക്ക്. ഞങ്ങൾ അങ്ങയെ സേവിക്കാൻ മതിയായവരാണ്. ഇവയെ അയക്കാൻ ഞങ്ങൾ ഏർപാടു ചെയ്യാം.' ഹദ്റത്ത് ഉമർ പറഞ്ഞു:നിങ്ങൾ നിങ്ങളുടെ തണലിലേക്ക് മടങ്ങിപ്പോകുക. അവിടെ പോയി ഇരിക്കുക. ഹദ്റത്ത് ഉഥ്മാൻ സ്വതന്ത്രനാക്കിയ അടിമ പറഞ്ഞു: അങ്ങയ്ക്കുവേണ്ടത് ഞങ്ങൾ ചെയ്തുതരാം. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: നിങ്ങൾ തണലിലേക്ക് മടങ്ങുക, ഇതും പറഞ്ഞ് ഹ്ദറത്ത് ഉമർ മുന്നോട്ടു പോയി. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു:അൽഖവിയ്യുൽ അമീൻ അതായത് സുശക്തനും വിശ്വസ്തനുമായ വ്യക്തിയെ കാണണമെന്നുള്ളവർ ഇദ്ദേഹത്തെ കാണുക.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ ബിൻ നാഫിഅ്, അബൂബക്ർ ഈസായിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ ഹദ്റത്ത് അലി ബിൻ അബീ ത്വാലിബ് എന്നിവരോടൊപ്പം സ്വദഖ എത്തിയപ്പോൾ വന്നു. ഹ്ദറത്ത് ഉഥ്മാൻ തണലിലിരുന്നു. ഹദ്റത്ത് ഉമർ പറയുന്ന കാര്യങ്ങൾ ഉറക്കെ ഏറ്റുപറഞ്ഞ് കേൾപ്പിച്ചുകൊണ്ട് ഹദ്റത്ത് ഉഥ്മാന്റെ അടുത്ത് ഹദ്റത്ത് അലിയും നിന്നു. അത്യുഷ്ണമായിട്ടും ഹദ്റത്ത് ഉമർ വെയിലത്തു നില്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ രണ്ടു കറുത്ത് പുതപ്പുകളുണ്ടായിരന്നു. അദ്ദേഹം ഒന്ന് അരയിൽ ചുറ്റുകയും ഒന്നു തലയിൽ ഇടുകയും ചെയ്തിരുന്നു. അദ്ദേഹം സ്വദഖയുടെ ഒട്ടകങ്ങളെ പരിശോധിക്കുകയായിരുന്നു. ഒട്ടകത്തിന്റെ നിറവും പ്രായവും എഴുതിക്കുകയായിരുന്നു. ഹദ്റത്ത് ഉഥ്മാനോടു ഹദ്റത്ത് അലി പറഞ്ഞു: ഖുർആനിൽ ഹദ്റത്ത് ശുഅയ്ബിന്റെ മകളുടെ ഒരു വചനം ഞാൻ കേട്ടിട്ടുണ്ട്. ഇന്ന ഖയ്റമനിസ്തഅ്ജർത്തൽഖവിയ്യുൽ അമീൻ. അതായത് നിങ്ങൾ ആരെ സേവകനായി നിശ്ചയിച്ചാലും ഏറ്റവും ശ്രേഷ്ഠതയുണ്ടാകുക സുശക്തനും വിശ്വസ്തനുമായ വ്യക്തിക്കാണ്. *(അൽഖസ്വസ്വ്:27)*.എന്നിട്ട് ഹദ്റത്ത് ഉമറിനെ ചൂണ്ടിക്കൊണ്ട് 'ഇദ്ദേഹമാണ് സുശക്തനും വിശ്വസ്തനുമായ വ്യക്തിയെന്ന്' ഹദ്റത്ത് അലി (റ) പറഞ്ഞു. *(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ വാല്യം 3, പേജ് 667, ഉമർ ബിൻ ഖത്ത്വാബ്, , ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ 2003)(ഉംദത്തുൽഖാരി, ശറഹ് സ്വഹീഹുൽബുഖാരി, വാല്യം 16, പേജ് 279, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു സംബന്ധമായി ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'ഹദ്റത്ത് ഉമർ(റ)ന്റെ ഒരു സംഭവമുണ്ട്. ഹദ്റത്ത് ഉഥ്മാൻ(റ) വിവരിക്കുന്നു: അദ്ദേഹം പറയുന്നു, ഒരിക്കൽ ഞാൻ വെളിയിൽ കൂടാരത്തിൽ ഇരിക്കുകയായിരുന്നു. വാതിൽ തുറക്കാൻപോലും ധൈര്യമില്ലാത്തവിധം കൊടും ചൂടായിരുന്നു അപ്പോൾ അനുഭവപ്പെട്ടിരുന്നത്. ആ നേരത്ത് എന്റെ ഒരു ഭൃത്യൻ പറഞ്ഞു: 'നോക്കൂ! ഈ പെരും വെയിലത്ത് പുറത്തുകൂടി ആരോ പോകുന്നുണ്ട്.' ഞാൻ മറനീക്കി നോക്കിയപ്പോൾ അത്യുഷ്ണം കാരണം മുഖം പൊള്ളിയ നിലയിൽ ഒരാളെ കണ്ടു. ഏതെങ്കിലും യാത്രക്കാരനായിരിക്കുമെന്ന് ഞാൻ ഭൃത്യനോടു പറഞ്ഞു. എന്നാൽ, അല്പസമയം കഴിഞ്ഞപ്പോൾ അയാൾ എന്റെ കൂടാരത്തിന്നടുത്തെത്തി. ഞാൻ നോക്കുമ്പോൾ അത് ഹദ്റത്ത് ഉമറായിരുന്നു. അദ്ദേഹത്തെ കണ്ടതും ഞാൻ അസ്വസ്ഥനായി പുറത്തു വന്നു. ഞാൻ ചോദിച്ചു, ഈ പെരുംചൂടത്ത് അങ്ങ് എവിടേക്കാണ് പോകുന്നത്? ഹ്റത്ത് ഉമർ(റ)പറഞ്ഞു: 'ബയ്ത്തുൽമാലിലെ ഒരു ഒട്ടകം നഷ്ടപ്പെട്ടു. അതിനെ അന്വേഷിച്ച് ഞാൻ കറങ്ങി നടക്കുകയാണ്.' *(തഫ്സീറെ കബീർ വാല്യം 8, പേജ് 314-315)*

ഒട്ടകം നഷ്ടപ്പെട്ട ഇങ്ങനെ ഒരു സംഭവവും വരുന്നുണ്ട്. മുമ്പേയും ഒരു തവണ വിവരിച്ചു കഴിഞ്ഞതാണ്.

ഹദ്റത്ത് ഉമർ ഒരിക്കൽ ബയ്ത്തുൽമാലിലെ ധനം വിതരണം ചെയ്യുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ഒരു മകൾ അവിടെ വന്നു. അവൾ അതിൽനിന്ന് ഒരു ദിർഹം എടുത്തു. അതു തിരിച്ചു വാങ്ങാൻ ഹദ്റത്ത് ഉമർ എഴുന്നേറ്റു. അദ്ദേഹത്തിന്റെ ചുമലിൽനിന്ന് പുതപ്പ് തെന്നിമാറി. ആ കുട്ടി കരഞ്ഞുകൊണ്ടു വീട്ടുകാരുടെ അടുത്തേക്കോടി. ആ ദിർഹം അവൾ വായിലിട്ടു. ഹദ്റത്ത് ഉമർ അവളുടെ വായിൽ വിരലിട്ട് അത് പുറത്തെടുത്തു. അതു തിരികെ കൊണ്ടുവന്നു വെച്ചു. ശേഷം ഇപ്രകാരം പറഞ്ഞു: അല്ലയോ ജനങ്ങളേ! ഉമറിനും കുടുംബത്തിനും അതെത്ര അടുത്ത ബന്ധുവായാലും പൊതുമുസ്‌ലിമീങ്ങൾക്കുള്ള അത്ര അവകാശം മാത്രമെയുള്ളു.അതിനെക്കാൾ കൂടുതൽ ഒരു അവകാശവുമില്ല.' മറ്റൊരു നിവേദനമുണ്ട്. ഹദ്റത്ത് അബൂ മൂസാ ഒരിക്കൽ ബയ്ത്തുൽമാലിന്റെ അകം അടിച്ചു വാരികയായിരുന്നു. അവിടെനിന്ന് അദ്ദേഹത്തിന് ഒരു ദിർഹം കിട്ടി. ഹദ്റത്ത് ഉമറിന്റെ ചെറിയൊരു മകൻ അതിലൂടെ കടന്നു പോകുകയായിരുന്നു. അദ്ദേഹം അത് അവനു നല്കി. ഹദ്റത്ത് ഉമർ ആ കുട്ടിയുടെ കൈയിൽ ദിർഹം കണ്ടപ്പോൾ അതേ കുറിച്ച് ചോദിച്ചു. അവൻ പറഞ്ഞു:ഇത് എനിക്ക് അബൂമൂസാ നല്കിയതാണ്. ആ ദിർഹം ബയ്ത്തുൽമാലിന്റേതാണെന്ന് അറിഞ്ഞപ്പോൾ അബൂ മൂസായോടു ഹദ്റത്ത് ഉമർ(റ) പറഞ്ഞു: മദീനവാസികളിൽ ഹദ്റത്ത് ഉമറിന്റെ കുടുംബത്തെക്കാൾ മോശമായി ഒരു വീടും താങ്കളുടെ ദൃഷ്ടിയിലില്ലേ? ഈ അന്യായത്തെ കുറിച്ച് ഞങ്ങളെ ചോദ്യം ചെയ്യാത്ത മുഹമ്മദ്(സ)യുടെ ഒരു ഉമ്മത്തിയും ബാക്കിയാകരുതെന്നാണോ താങ്കൾ ആഗ്രഹിക്കുന്നത്? ഇത്രയും പറഞ്ഞ് അദ്ദേഹം ആ ദിർഹം ബയ്ത്തുൽമാലിൽ തിരിച്ചിട്ടു. *(ഇസാലത്തുൽ ഖഫാഇ അൻ ഖിലാഫത്തഹിൽ ഖുലഫാഇ മുതർജിം ഇശ്തിയാഖ് അഹ്മദ് സാഹിബ്, വാല്യം 3, പേജ് 286, ഖദീമി കുതുബ് ഖാന ആരാം ബാഗ് കറാച്ചി)*

പൊതുജനനന്മയെ കുറിച്ചുള്ള പ്രവർത്തനത്തെ കുറിച്ച് വരുന്നുണ്ട്. ഹദ്റത്ത് ഉമർ പൊതുജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഒരുപാടു പ്രവൃത്തികൾ ചെയ്യുകയുണ്ടായി. അത് താഴെ ചേർക്കുന്നു:

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് ജലം ലഭ്യമാക്കുന്നതിനും അദ്ദേഹം കനാലുകൾ നിർമിച്ചു. 1. അബൂമൂസാ നദി: ദജ്‌ല നദിയിൽനിന്നു തുടങ്ങി ഒമ്പതുമൈൽ നീളത്തിൽ ബസ്വറവരെ കനാൽ പണികഴിപ്പിച്ചു. 2. മഅ്ഖൽ നദി: ദജല നദിയിൽനിന്ന് മഅ്ഖൽവരെയുള്ള കനാലും പണികഴിപ്പിച്ചു. 3. അമീറുൽമുഅ്മിനീൻ നദി: ഹദ്റത്ത് ഉമറിന്റെ ഉത്തരവു പ്രകാരം നൈൽ നദിയെ ഖുൽസം നദിയുമായി ബന്ധിപ്പിക്കുകയുണ്ടായി. ഹിജ്റ 18-ൽ വരൾച്ചയുണ്ടായപ്പോൾ ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അംറ് ബിൻ ആസ്വിന് തങ്ങൾക്ക് സഹായമെത്തിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതുകയുണ്ടായി. വളരെ അകലത്തായിരുന്നു ഈ സ്ഥലങ്ങൾ എന്നതിനാൽ സഹായമെത്തിക്കാൻ താമസമുണ്ടായി. 'നൈൽ നദിയെ കടലുമായി ബന്ധിപ്പിക്കാൻ ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് അംറിനെ വിളിച്ചു പറഞ്ഞു. അംറ് തിരികെപ്പോയി അവിടെയുള്ള ഗവർണറെക്കൊണ്ട് ഫുസ്ത്വാത്ത്വയിൽനിന്ന് കുൽസം വരെ കനാൽ പണിയിച്ചു. മദീനയുടെ തുറമുഖമായ ജിദ്ദ വരെ കപ്പൽഗതാഗതം സാധ്യമാക്കി. ഈ കനാൽ 39 മൈയൽ ദീർഘമുള്ളതായിരുന്നു. 6 മാസം കൊണ്ടാണ് അതിന്റെ നിർമാണം പൂർത്തിയായത്. ഹദ്റത്ത് അംറ് ബിൻ ആസ്വ് റോം നദിയും ഖുൽസം നദിയും തമ്മിൽ യോജിപ്പിക്കാൻ ഉദ്ദേശിച്ചു. ഇരു നദികളും തമ്മിൽ 70 മൈൽ ദൂരമുണ്ടായിരുന്നു. ഫർമായ്ക്കടുത്ത് ഒരു കനാലുണ്ടാക്കി. ഇവയെ കൂട്ടിയോജിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഫർമാ എന്നു പറയുന്നത് ഈജിപ്റ്റിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു കടലോര നഗരമായിരുന്നു. ഹദ്റത്ത് ഉമർ ഗ്രീക്കുകാർക്ക് ഹാജിമാരെ കൊള്ളയടിക്കാൻ അത് സഹായകമാകും എന്നു ഭയന്ന് അതിന് സമ്മതിച്ചില്ല. ആ സമയത്ത് അംറ് ബിൻ ആസ്വിന് അനുവാദം കിട്ടിയിരുന്നെങ്കിൽ പിൽക്കാലത്ത് നിർമിതമായ സ്യൂയസ് കനാൽ അറബികളുടെ പേരിലാകുമായിരുന്നു.

വിവിധ നിർമാണ പ്രവർത്തനങ്ങൾ: ഹദ്റത്ത ഉമർ പൊതുജന സൗകര്യാർഥം വിവിധ കെട്ടിടങ്ങൾ പണികഴിപ്പിച്ചു. അവയിൽ മസ്ജിദുകൾ, കോടതികൾ, സൈന്യത്താവളങ്ങൾ, ബാരക്കുകൾ നിർമാണ പ്രവൃത്തികൾക്കുള്ള ഓഫീസുകൾ, റോഡുകൾ, പാലങ്ങൾ, അതിഥിമന്ദിരങ്ങൾ, സത്രങ്ങൾ, തുടങ്ങിയവ പണികഴിപ്പിച്ചു. മദീനയിൽനിന്ന് മക്കവരെ വഴിയമ്പലങ്ങളും തടാകങ്ങളും സൗധങ്ങളും ചെക്കു പോസ്റ്റുകളും നിർമിച്ചു. *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 210, ഇദാറയെ ഇസ്‌ലാമിയാത്ത് കറാച്ചി. 2004)*

അതായത് സുരക്ഷയ്ക്കുള്ള ഏർപാടുകളും ആളുകൾക്ക് താമസിക്കുന്നതിനും വിശ്രമിക്കുന്നതിനും ഹോട്ടൽ തുടങ്ങിയവയും സത്രങ്ങളും ലഭ്യമാകുന്നതിനും വേണ്ടി.

ഹ്ദറത്ത് ഉമർ(റ) നഗരങ്ങളെ അധിവസിപ്പിച്ചതിനെക്കുറിച്ചും വന്നിട്ടുണ്ട്. ഹ്ദറത്ത് ഉമർ (റ) തന്റെ ഖിലാഫത്തു കാലത്ത് ഒരുപാട് നഗരങ്ങളെ അധിവസിപ്പിച്ചിട്ടുണ്ട്. അദ്ദേഹം നഗരനിർമാണം നടത്തുമ്പോൾ അവിടെയുള്ള സാമൂഹികവും സാമ്പത്തികവും പ്രതിരോധപരവുമായുള്ള എല്ലാ ഉന്നമനങ്ങളും അദ്ദേഹം മുന്നിൽ കണ്ടു. ഈ നഗരങ്ങൾ സ്ഥാപിതമായ പ്രദേശങ്ങൾ പരിശോധിക്കുമ്പോൾ ഹദ്റത്ത് ഉമറിന് യുദ്ധ നൈപുണ്യവും

രാഷ്ട്രീയ ഉൽക്കാഴ്ചയും അതുപോലെ നഗരനിർമാണ പ്രവർത്തനങ്ങളിലുള്ള ദീർഘവീക്ഷണവും പ്രകടമാകുന്നുണ്ട്. ഈ നഗരങ്ങൾ യുദ്ധാവസ്ഥയിലും സമാധാനാവസ്ഥയിലും ഒരുപോലെ പ്രയോജനപ്രദമായിരുന്നു. ഹ്ദറത്ത് ഉമർ(റ) അറേബ്യയുടെ ഇതര രാജ്യങ്ങളുമായി ചേരുന്ന അതിർത്തി പ്രദേശങ്ങളിൽ നഗരനിർമാണം നടത്താൻ ശ്രമിച്ചിരുന്നു. പെട്ടെന്നുള്ള ആക്രമണങ്ങളെ ചെറുത്തുനില്ക്കാനായിരുന്നു അത്. അറബികളുടെ പ്രകൃതമനുസരിച്ചായിരുന്നു ആ നഗരങ്ങളുടെ രൂപ ഘടന. ആ നഗരങ്ങളുടെ ഒരു ഭാഗത്ത് മേച്ചിൽപ്പുറങ്ങളായ അറബ് പ്രദേശങ്ങളായിരിക്കും. മറുഭാഗത്ത് അറബികളല്ലാത്ത രാജ്യങ്ങളുടെ ഹരിതാഭമായ ഭൂപ്രദേശമായിരിക്കും. അവിടെനിന്ന് ധാന്യങ്ങളും മറ്റും ലഭ്യമാകുമായിരുന്നു. അതായത് മറുഭാഗത്തായിരുന്നു കൃഷി നടത്തിയിരുന്നത്. പട്ടണങ്ങൾ നവീകരിക്കുമ്പോൾ അവയ്ക്കിടയിൽ നദികളോ സമുദ്രങ്ങളോ  തടസമുണ്ടാകാതിരിക്കാനും ശ്രദ്ധിച്ചിരുന്നു. ഹദ്റത്ത് ഉമർ ബസ്വറ, കൂഫ, ഫുസ്ത്വാത് എന്നീ നഗരങ്ങൾ അധിവസിപ്പിക്കുകയുണ്ടായി. അവിടെയുള്ള വഴികൾക്കും റോഡുകൾക്കും വീതി കൂട്ടി. അവ വളരെ വിശാലമായ പാതകളായി. അത്യന്തം ശ്രേഷ്ഠകരമായ നിലയിൽ അവ രൂപീകരിച്ചു. ഈ രൂപഘടനയിൽനിന്ന് അദ്ദേഹം അത്തരം കാര്യങ്ങളിൽ നല്ല അറിവും മികവുമുള്ള ആളാണെന്ന് മനസ്സിലാക്കാം.

അടുത്തത് സൈന്യ വകുപ്പാണ്. ഹദ്റത്ത് ഉമർ വ്യാവസ്ഥാപിതമായ നിലയിൽ സൈന്യത്തെ ക്രമീകരിക്കുകയും സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഗ്രേഡുകളനുസരിച്ച് പട്ടാളക്കാരുടെ രജിസ്റ്റർ തയ്യാറാക്കി. അവർക്കുള്ള ശമ്പളം നിശ്ചയിച്ചു. ഹദ്റത്ത് ഉമർ സൈന്യത്തെ രണ്ടുഭാഗമാക്കി വിഭജിച്ചു. ഒന്നാമത്തേത് സ്ഥിരിമായി യുദ്ധത്തിൽ പങ്കെടുക്കുന്നവർ. രണ്ടാമത്തേത് സന്നദ്ധഭടന്മാരുടേതുമായിരുന്നു. ആവശ്യാനുസരണം മാത്രം അവരെ പങ്കെടുപ്പിച്ചു. സൈന്യത്തെ ക്രമീകരിക്കുന്നതിൽ ഹദ്റത്ത് ഉമർ ബദ്ധശ്രദ്ധനായിരുന്നു. ഇസ്‌ലാമിക ഭരണപ്രദേശങ്ങളിൽച്ചെന്ന് ആരും കൃഷിയോ വ്യവസായമോ ചെയ്യാതിരിക്കാൻ ഹദ്റത്ത് ഉമർ സൈന്യത്തെ ശട്ടം കെട്ടിയിരുന്നു. ഇസ്‌ലാം കീഴടക്കിയ പ്രദേശങ്ങളിൽ  കൃഷി ചെയ്യുന്നതും വ്യവസായം നടത്തുന്നതും ഉമർ വിലക്കിയിരുന്നു. കാരണം അവർ പട്ടാളക്കാരായിരുന്നു. അതുമുഖേന അവരുടെ സൈനികമികവിൽ ഇടിവുണ്ടാകാൻ സാധ്യതയുണ്ടായിരുന്നു. ഇന്ന് നമുക്ക് മുസ്‌ലിം ഭരണകൂടങ്ങളിലും കാണാൻ സാധിക്കുന്നത് പട്ടാളക്കാർ വ്യവസായങ്ങളിൽ വ്യാപൃതരായിട്ടാണ്. പറയപ്പെടുന്നത് ചില രാജ്യങ്ങളിൽ സൈനികർ, അവർ കമ്മീഷൻ ചെയ്യപ്പെട്ടാൽ ആദ്യം തന്നെ സ്വന്തം ബിസിനസ്സുപരമായ കഴിവുകൾക്ക് അനുഗുണമായ സാഹചര്യമാണോ എന്നാണ് നോക്കുന്നത്. കമ്മീഷൻ ലഭിച്ചാൽ പട്ടാളമേധാവിമാർ നോക്കുന്നത് എവിടെയാണ് പുതിയ കോളനിയുണ്ടാകുന്നത്, എവിടെയാണ് ഡിഫൻസ് കോളനി ഉണ്ടാകുന്നത് അവിടെ തനിക്ക് പ്ലോട്ടു കിട്ടിയാൽ മറ്റുള്ളവർക്ക് ആ പ്ലോട്ട് അലോട്ടു ചെയ്തുകൊടുക്കാമെന്നാണ് ചിന്ത. അതുകൊണ്ടുതന്നെ അവരുടെ പട്ടാളവീര്യം ചോർന്നു പോകുന്നു. പിന്നീട് വിവരിക്കുന്നത് ശീതമേഖലകളിലും ഉഷ്ണ മേഖലകളിലും യുദ്ധം ചെയ്യുമ്പോൾ അദ്ദേഹം കാലാവസ്ഥ പരിഗണിക്കുമായിരുന്നു. പട്ടാളക്കാരുടെ ആരോഗ്യം വഷളാകാതിരിക്കാൻ ശ്രദ്ധിക്കുമായിരുന്നു. അവർ നീന്തൽ, അമ്പെയ്ത്ത്, കുതിരസവാരി, നഗ്നപാദരായി നടക്കൽ തുടങ്ങിയവ പഠിക്കണമായിരുന്നു. ഓരോ നാലു മാസത്തിലും സൈനികർക്ക് ലീവെടുത്ത് തങ്ങളുടെ വീടുകളിൽ പോകാൻ അനുവാദമുണ്ടായിരുന്നു. അവരെ ദൃഢഗാത്രരാക്കാനായി ഒട്ടകത്തിനുമേൽ ഇരിപിടത്തിൽ കാലുകോർത്ത് സവാരി ചെയ്യാൻ പ്രേരിപ്പിച്ചിരുന്നു. അതായത് കുതിരയ്ക്കുമേൽ വിരിപ്പിൽ കാലിട്ട് കയറാതെ കുതിച്ചു ചാടിക്കയറി സവാരി ചെയ്യാൻ കല്പിച്ചിരുന്നു. മൃദുവായ വസ്ത്രം ധരിക്കരുത്. വെയിലിൽനിന്ന് വിട്ടു നില്ക്കുക. ജലക്കെട്ടുകളിൽ കുളിക്കരുത് എന്നൊക്കെ നിഷ്കർഷിച്ചിരുന്നു. അങ്ങനെയായാൽ കൂടുതൽ വിശ്രമപ്രിയരായി മാറുന്നതാണ്. ഹദ്റത്ത് ഉമർ വസന്ത കാലത്ത് ഹരിതാഭവും ഫലഭൂയിഷ്ഠവുമായ സ്ഥലങ്ങളിലേക്ക് പട്ടാളക്കാരെ അയച്ചിരുന്നു. അവിടുത്തെ ശുദ്ധാന്തരീക്ഷത്തിൽ ആരോഗ്യം  മെച്ചപ്പെടുത്താനാക്കാനായിരുന്നു അത്.  മതിയായ വെള്ളവും വായുവും കിട്ടുമോ എന്ന് ഉറപ്പുവരുത്തിയായിരുന്നു എല്ലാ ജില്ലകളിലും പട്ടാളത്താവളങ്ങളും അവരുടെ പാളയങ്ങളും (barrack) പണിതിരുന്നത്. സൈന്യ കന്ദ്ര സ്ഥലങ്ങളിൽ മദീന, കൂഫ, ബസ്വറ, മൂസ്വൽ, ഫുസ്ത്വാത്, ദിമശ്ഖ്, ഹിംസ്വ്, ഉർദൻ, ഫലസത്വീൻ എന്നീ പ്രദേശങ്ങളേയും ഉൾപ്പെടുത്തി. ഇവിടങ്ങളിൽ എപ്പോഴും സൈന്യം നിരീക്ഷണം നടത്തിക്കൊണ്ടിരുന്നു. ഓരോ നാലുമാസത്തിലും പട്ടാളക്കാർക്ക് അവധി നല്കിയിരുന്നു. സൈന്യ കേന്ദ്രങ്ങളിൽ ഒരേ സമയം 4000 കുതിരകളെ പരിപാലിച്ചിരുന്നു. പട്ടാളക്കുതിരകളുടെ കാൽവണ്ണയിൽ ജയ്ശുൻ ഫീ സബീലില്ലാഹ് എന്ന് മുദ്ര വെക്കുമായിരുന്നു. അതായത് അല്ലാഹുവിന്റെ മാർഗത്തിലെ സൈന്യം. ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിക സൈന്യം യുദ്ധായുധസാമഗ്രികളിൽ അഭിവൃദ്ധിപ്പെടുകയുണ്ടായി. നവംനവങ്ങളായ ആയുധങ്ങൾ നിർമിച്ചു. അവയിൽ കോട്ടകൾ തകർക്കുന്ന പീരങ്കികളും പാറ്റൻടാങ്കുകളുമുണ്ടായിരുന്നു. അതിനുള്ളിൽ ആളുകളിരുന്ന് കോട്ടവാതിലുകളിൽ ദ്വാരമുണ്ടാക്കി ഭിത്തികൾ വീഴ്ത്തുമായിരുന്നു.' *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 216-218, ഇദാറയെ ഇസ്‌ലാമിയാത്ത് കറാച്ചി. 2004) (സയ്റുസ്സ്വഹാബ, വാല്യം 1, പേജ് 126-127, മുഈനുദ്ദീൻ നദ്‌വി, ദാറുൽഇശാഅത്ത് കറാച്ചി പാക്കിസ്താൻ 2004)(ലിസാനുൽ അറബ് ദബ് എന്ന പദം)*

ഇസ്‌ലാമിക ഭരണകൂടത്തിനുകീഴിൽ അന്യസമുദായങ്ങളിൽപ്പെട്ടവരും വലിയ വലിയ പോസ്റ്റുകൾ കൈകാര്യം ചെയ്തിരുന്നു. അമുസ്‌ലിമീങ്ങൾക്കും അന്യസമുദായക്കാർക്കും ഉന്നത സ്ഥാനങ്ങൾ നല്കിയിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: നബി(സ) തിരുമേനിയുടെ ഖലീഫമാരുടെ കാലഘട്ടത്തിലും വാസ്തവത്തിൽ അപ്പോൾ രാജ്യത്ത് സമാധാനപൂർണമായ നിലയിൽ എല്ലാ ജനതകളും താമസിക്കാൻ തുടങ്ങിയിരുന്നില്ലെങ്കിലും അവരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നു. അല്ലാമ ശിബ്‌ലി ഇത് സ്മരിച്ചുകൊണ്ട് എഴുതുന്നു: ഹദ്റത്ത് ഉമർ യുദ്ധവിഭാഗത്തെ വിപുലപ്പെടുത്തിയപ്പോൾ ഒരു ജനതയേയും രാജ്യത്തേയും മാറ്റി നിറുത്തിയിരുന്നില്ല. മതപരമായ ഒരു വകതിരിവും അതിലുണ്ടായിരുന്നില്ല. വളണ്ടിയർ ഫോഴ്സിൽ ആയിരക്കണക്കിന് അഗ്നിയാരാധകരുമുണ്ടായിരുന്നു. അതായത് ഏക ദൈവത്തെ വിശ്വസിക്കാത്തവരും അഗ്നിയേയും സൂര്യനേയും പൂജിക്കുന്നവരും അതിലുണ്ടായിരുന്നു. അവർക്കു മുസ്‌ലിമീങ്ങളുടേതിന് സമാനമായ അലവൻസും ലഭിച്ചിരുന്നു. പട്ടാള സംവിധാനത്തിലും മജൂസികൾ ഉണ്ടായിരുന്നതായി രേഖപ്പെട്ടിട്ടുണ്ട്.

ഇപ്രകാരംതന്നെ എഴുതുന്നു: റോമിലേയും ഗ്രീസിലേയും വീരശൂരപരാക്രമികളും സൈന്യത്തിലുണ്ടായിരുന്നു. ഈജിപ്ത് കീഴടക്കിയ യുദ്ധത്തിൽ അവരിൽനിന്ന് 500 പേർ യുദ്ധത്തിലും പങ്കെടുത്തിരുന്നു. പാക്കിസ്താനിൽ ഇന്നു പറയുന്നത് അഹ്മദികളെ സൈന്യത്തിൽനിന്ന് ഒഴിവാക്കണമെന്നാണ്. ഇതു വളരെ സെൻസിറ്റീവായ(sensitive) പദവികളാണത്രെ! ചരിത്രം വായിച്ചാലറിയാം പാക്കിസ്താനുവേണ്ടി ഏറ്റവുമധികം യുദ്ധം ചെയ്ത ഓഫീസർമാർ അഹ്മദികളായിരുന്നുവെന്ന്! എന്തായാലും ഇതാണ് അവരുടെ ചിന്താഗതി. ഹദ്റത്ത് ഉമറിനെക്കുറിച്ച് വന്നിട്ടുണ്ട്, ഹദ്റത്ത് അംറ് ബിൻ ആസ് ഫുസ്ത്വാത് അധിവസിപ്പിച്ചപ്പോൾ ഈ നഗരത്തെ മഹല്ലുകളാക്കി തിരിച്ചിരുന്നു. ജൂതന്മാരും ഇസ്‌ലാമിക സൈന്യത്തിലുണ്ടായിരുന്നു. ഈജിപ്ത് കീഴടക്കുമ്പോൾ ആയിരം ജൂതന്മാർ ഇസ്‌ലാമിക സൈന്യത്തിൽ അണിനിരന്നു. അതുപോലെ ചരിത്രത്തിൽനിന്നു തെളിയുന്നത് അന്യ സമുദായക്കാരെ സൈന്യത്തിൽ ഓഫീസർമാരായും നിയമിച്ചിരുന്നുവെന്നാണ്. അത്തരം ചിലരുടെ പേരുകളും ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാമ ശിബ്‌ലീ ഓഫീസർമാരുടെ പേരുകൾ കൊടുത്തിരിക്കുന്നു. സയാഹ്, ഖൊസ്റോ, ശഹ്രിയാർ, ശേർവയ, ശഹ്ർവയ, അഫ്റാവദീൻ. ഈ ഓഫീസർമാർക്ക് സർക്കാറിന്റെ ഖജനാവിൽനിന്നു തന്നെയാണ് ശമ്പളം ലഭിച്ചിരുന്നത്. കൃത്യമായി പേറോളിൽ(payroll) അവരുടെ പേരുണ്ടായിരുന്നു. നാലു ഖലീഫമാർക്കുശേഷം ഹദ്റത്ത് മുആവിയായെ കുറിച്ച് ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നത് അവരുടെ കാലത്ത് ഒരു ക്രിസ്ത്യാനിയായ ഇബ്നു ആഥാൽ ധനകാര്യമന്ത്രിയായിരുന്നുവെന്നാണ്. ഇദ്ദേഹം വിശദീകരണത്തിൽ എഴുതുന്നു: ഞാൻ വായിച്ച തഫ്സീറെ കബീറിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അല്ലാമ ശിബ്‌ലി ഉദ്ധരിച്ച് അഫ്റോദീൻ എന്ന് എഴുതിയിരിക്കുന്നു. അപ്രകാരംതന്നെ അൽഫാറൂഖിലും രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അറബി ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ പേര് അഫ്റവ്സീൻ എന്ന് എഴുതിയിരിക്കുന്നു. അതായത് 'ദാൽ' ന്റെ സ്ഥാനത്ത് പുള്ളിയുള്ള ദാൽ' ലോടെയാണ് എഴുതിയിട്ടുള്ളത്. *(തഫ്സീറെ കബീർ, വാല്യം 6, പേജ് 534) (താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 504, ഹിജ്റ 17, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)*എന്തായാലും ഇവിടെ ഈ പേരിൽ 'സാലി'ന്റേയും 'ദാലി'ന്റേയും അല്പ

മാത്ര വ്യത്യാസമുണ്ട്. ആളുകൾ ഇതിലും ചർച്ച ചെയ്യാൻ തുടങ്ങും അതുകൊണ്ട് വ്യക്തമാക്കിയെന്നുമാത്രം.

അതുപോലെതന്നെ അന്യായമായ നിലയിൽ സാധനങ്ങളുടെ വിലയിൽ ഇടിവുവരുത്തുന്ന മാർക്കറ്റ് കൺട്രോളിനേയും പ്രൈസ് കൺട്രോളിനേയും ഇസ്‌ലാം വിലക്കുകയുണ്ടായി. ഹദ്റത്ത് ഉമർ(റ)അതിന് നിയന്ത്രണം ഏർപ്പെടുത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ധനത്തിന്റെ മൂല്യത്തിൽ ഇടിവുവരുത്തുന്നതിന്റെ നിരോധനത്തെ സംബന്ധിച്ച് പറയുന്നു: അന്യായമായ നിലയിൽ വിലയിൽ ഇടിവുവരുത്തുന്നതും ഇസ്‌ലാമിൽ നിരോധിച്ചിട്ടുണ്ട്. വില കുറച്ചുകൊണ്ടും അന്യായമായ നിലയിൽ ലാഭമുണ്ടാക്കാനാകും. അങ്ങനെ പ്രബലരായ വ്യാപാരികൾ ദുർബലരായ കച്ചവടക്കാരെ ചെറിയ വിലയ്ക്ക് സാധനം വില്ക്കാൻ നിർബന്ധിതരാക്കും. അവസാനം അവരെക്കൊണ്ട് കുത്തുപാള എടുപ്പിക്കുന്നു. ഹദറത്ത് ഉമറിന്റെ കാലത്തെ ഒരു സംഭവം വിവരിക്കപ്പെടുന്നുണ്ട്. അദ്ദേഹം മാർക്കറ്റിൽ പരിശോധന നടത്തുകയായിരുന്നു. ഒരു പരദേശിയെ അവിടെ അദ്ദേഹം കണ്ടു. അയാൾ ഉണക്കമുന്തിരി വളരെ നിസ്സാരമായ വിലയ്ക്കു വിൽക്കുകയായിരുന്നു. ആ വിലയ്ക്ക് മദീനയിലെ കച്ചവടക്കാർക്ക് വില്ക്കാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹം അയാളോടു ഒന്നുകിൽ ഈ മാർക്കറ്റിൽനിന്ന് ഇതുമെടുത്ത് പൊയ്ക്കൊള്ളണമെന്നും അല്ലെങ്കിൽ മദീനയിലെ കച്ചവടക്കാർ വിൽക്കുന്ന ഉചിതമായ വിലയ്ക്കുതന്നെ ഇതു വിൽക്കണമെന്നും പറയുകയുണ്ടായി. മദീനയിലെ കച്ചവടക്കാർ വിലകയറ്റി വിൽക്കുകയായിരുന്നില്ല. മറിച്ച് ഉചിതമായ വിലയ്ക്കാണ് അവർ വിറ്റിരുന്നത്.(കൊള്ളലാഭം എടുത്തിരുന്നില്ല). അദ്ദേഹം അയാളോടു അതേ വിലയ്ക്കുതന്നെ വിൽക്കാൻ പറഞ്ഞു. എന്തിനാണ് അങ്ങനെ കല്പിച്ചതെന്നു ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നല്കി: 'ഇങ്ങനെ അയാളെ വില്ക്കാൻ അനുവദിച്ചാൽ ന്യായവിലയ്ക്കു വില്പനനടത്തുന്ന മദീനയിലെ കച്ചവടക്കാർക്ക് കനത്ത നഷ്ടമുണ്ടാകുന്നതാണ്. ചിലസ്വഹാബത്ത് ഹദ്റത്ത് ഉമറിന്റെ ഈ പ്രവൃത്തിക്കുവിരുദ്ധമായി 'മാർക്കറ്റിലെ സാധനങ്ങളുടെ നിരക്കിൽ കൈകടത്തരുത്' എന്ന നബി(സ)തിരുമേനിയുടെ വാക്യം സമർപിച്ചു എന്നതിൽ ഒരു സംശയവുമില്ല. എന്നാൽ, അവരുടെ ഈ ആക്ഷേപം ശരിയായിരുന്നില്ല. കാരണം മാർക്കറ്റ് നിരക്കിൽ കൈകടത്തരുത് എന്നതിന്റെ അർഥം ഉൽപന്നത്തിന്റേയും ആവശ്യത്തിന്റേയും(ടൗുഹ്യ മിറ റലാമിറ) നിയമത്തിൽ കൈകടത്തരുതെന്നാണ്.' അതായത് വിതരണത്തിന്റേയും ഡിമാന്റിന്റേയും നിയമത്തിൽ കൈകടത്തരുത്. അങ്ങനെ ചെയ്യൽ നഷ്ടമുണ്ടാക്കുമെന്നതിൽ സംശയമില്ല. അതിൽനിന്ന് ഭരണകൂടങ്ങൾ വിട്ടുനില്ക്കേണ്ടതുണ്ട്. സപ്ലൈയും ഡിമാന്റുംകൊണ്ട് മാർക്കറ്റ് സ്വയമേവ അഡ്ജസ്റ്റു ചെയ്ത് പോകുന്നതാണ്. അല്ലെങ്കിൽ ജനങ്ങൾക്ക് ഗുണമുണ്ടാകുകയില്ല. വ്യാപാരികൾ നഷ്ടത്തിലാകുകയും ചെയ്യും. പക്ഷേ, വിലനിയന്ത്രണം അനുവദനീയമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു സ്ഥലത്ത് ഇതു വിശദീകരിച്ചിരിക്കുന്നു. ക്രയവിക്രയങ്ങളിൽ ഒരു ദോഷവും വരരുതെന്നുള്ളത് പൗരാവകശങ്ങളിൽപ്പെട്ടതാണ്. ഇസ്‌ലാം ഈ അവകാശങ്ങളും അവഗണിച്ചുകളഞ്ഞില്ലെന്ന് നമുക്ക് കാണാൻ കഴിയും. അതിനാൽ ഇസ്‌ലാം നിരക്കു വർധിപ്പിക്കുന്നതും വിലക്കയറ്റമുണ്ടാക്കുന്നതും നിരോധിച്ചിരിക്കുന്നു. അതുപോലെ മറ്റുള്ളവർക്ക് നഷ്ടംവരുത്താനും അവരെ കച്ചവടത്തിൽ പരാജയപ്പെടുത്താനുംവേണ്ടി നിരക്കിൽ കുറവുവരുത്തുന്നതും ഇസ്‌ലാം എതിർത്തിട്ടുണ്ട്. മാത്സരിച്ച് വിലകുറച്ചു വില്ക്കുന്നതും നിഷിദ്ധമാണ്. ഒരിക്കൽ ഒരാൾ മദീനയിൽ മറ്റു കച്ചവടക്കാർക്ക് താങ്ങാൻ കഴിയുന്നതിലും കുറഞ്ഞ നിരക്കിൽ മുന്തിരി വില്ക്കുകയായിരുന്നു. ഹദ്റത്ത് ഉമർ അതുവഴി വന്നപ്പോൾ അയാളെ ശാസിച്ചു. കാരണം മറ്റു കച്ചവടക്കാർക്ക് അതു നഷ്ടമുണ്ടാക്കുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാം വിലക്കയറ്റത്തേയും വിലയിടിവിനേയും വിലക്കിയിട്ടുണ്ട്.അങ്ങനെ കച്ചവടക്കാർക്കും നഷ്ടമുണ്ടാകരുത്, പൊതുജനത്തിനും നഷ്ടമുണ്ടാകരുത്. *(തഫ്സീറെ കബീർ വാല്യം 10 പേജ് 307)*

വിദ്യാഭ്യാസ വ്യവസ്ഥിതിയെ കുറിച്ചും വരുന്നുണ്ട്. ഹദ്റത്ത് ഉമർ(റ) വിദ്യാഭ്യാസത്തിന് ഒരുപാട് അഭിവൃദ്ധി നല്കി. എല്ലാ രാജ്യങ്ങളിലും മദ്രസകൾ സ്ഥാപിച്ചു. അവിടെ വിശുദ്ധ ഖുർആനും ഹദീഥും ഫിഖ്ഹും പഠിപ്പിച്ചിരുന്നു. പണ്ഡിതരായ മുതിർന്ന സ്വഹാബത്തിനെ വിദ്യാഭ്യാസ ശിക്ഷണ കാര്യങ്ങൾക്ക് നിയമിച്ചു. അധ്യാപകർക്കുള്ള ശമ്പളവും ഏർപാടാക്കി.

ഹിജ്റ കലണ്ടർ എങ്ങനെയാണ് തുടക്കം കുറിച്ചതെന്നതിനെക്കുറിച്ചും നിവേദനങ്ങളുണ്ട്. സ്വഹീഹ് ബുഖാരിയിലുള്ളതാണ് ഒരു നിവേദനം. ഹദ്റത്ത് സഹൽ ബിൻ സഅ്ദ് വിവരിച്ചു: സ്വഹാബത്ത് നബി(സ)തിരുമേനിയുടെ നുബുവ്വത്ത് മുതലല്ല തിയതി നിശ്ചയിക്കാൻ തുടങ്ങിയത്. അവർ നബി(സ)തിരുമേനിയുടെ നിയോഗമനവും മരണവും എണ്ണിക്കണക്കാക്കിയില്ല; മദീനയിലേക്കുള്ള അവിടത്തെ ആഗമനമല്ലാതെ. അതായത് ഹിജ്റത്തു മുതൽ! ബുഖാരിയുടെ വ്യാഖ്യാതവായ അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനീ പറയുന്നു:ഇമാം സുഹയ്‌ലിയുടെ വീക്ഷണത്തിൽ സ്വഹാബാക്കൾ തിയതി കണക്കാക്കാൻ തുടങ്ങിയത് ഹിജ്റത്തു മുതലാണ്. ദൈവവചനമായ ല മസ്ജിദുൻ ഉസ്സിസ അലത്തഖ്‌വാ മിൻ അവ്വലി യൗമിൻ എന്നതിൽനിന്ന് ആശയമുൾക്കൊണ്ടാണ്. അതുകൊണ്ട് ആദ്യദിനം മുതൽ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നബി(സ)തിരുമേനി സ്വഹാബത്തിനോടൊപ്പം മദീനയിൽ പ്രവേശിച്ച ദിവസമാണ്. **വല്ലാഹു അഅ്ലം**

ഹിജ്റ കലണ്ടറിന്റെ ആവശ്യം എങ്ങനെ അനുഭവപ്പെട്ടു എന്നതിണക്കുറിച്ചും വിവിധ നിവേദനങ്ങളുണ്ട്. ഹദ്റത്ത് അബൂമൂസാ(റ) ഹദറത്ത് ഉമറിനെഴുതി: 'അങ്ങയുടെ ഭാഗത്തുനിന്ന് ഞങ്ങൾക്ക് കത്തുകൾ ലഭിക്കാറുണ്ട്. അതിൽ തിയതി എഴുതാറില്ല.' അപ്പോൾ ഹദ്റത്ത് ഉമർ അഭിപ്രായം ആരായാൻവേണ്ടി ആളുകളെ വിളിച്ചു കൂട്ടി. അല്ലാമ ഇബ്നു ഹജർ പറയുന്നു: ബുഖാരി കിതാബുൽ അദബിലും ഹാക്കിം മയ്മൂൺ ബിൻ മഹ്റാൻ മുഖേനയും രിവായത്തു ചെയ്തിരിക്കുന്നു. ഹദ്റത്ത് ഉമറിന്റെ സന്നിധിയിൽ ഒരു ചെക്ക് സമർപിക്കപ്പെട്ടു. അതിന്റെ കാലാവധി ശഅ്ബാൻ മാസമായിരുന്നു. അവിടന്ന് ചോദിച്ചു: ഏതു ശഅ്ബാനാണ്? കഴിഞ്ഞു കടന്ന ശഅ്ബാനോ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശഅ്ബാനോ അതോ വരാനിരിക്കുന്ന ശഅ്ബാനോ? എന്നിട്ട് അദ്ദേഹം ജനങ്ങൾക്കുവേണ്ടി, അവർക്കെല്ലാവർക്കും മനസ്സിലാകുന്ന വിധത്തിൽ 'തിയതികുറിക്കൽ' നിർണയിക്കാൻ ഉത്തരവ് നല്കി.'

ഇബ്നു സീരീൻ എഴുതുന്നു: ഒരാൾ യമനിൽനിന്നു വന്നു. അയാൾ പറഞ്ഞു: യമനിൽ ഞാനൊരു കാര്യം കണ്ടു.അതിന് അവർ 'തിയതികുറിക്കൽ' എന്നാണ് പറയുന്നത്. അവർ ഇന്ന വർഷം ഇന്ന മാസം എന്നെഴുതിയാണ് പറയുന്നത്. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അത് നല്ല രീതിയാണ്. നിങ്ങളും തിയതി എഴുതുക.'

ഹിജ്റ കലണ്ടറിന് തുടക്കം കുറിച്ചത് ആരാണെന്നതിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഒന്നാമത്തെ അഭിപ്രായമിതാണ്: നബി(സ) തിരുമേനി തിയതി കുറിക്കാൻ നിർദേശിച്ചു. അങ്ങനെ റബിയ്യുൽ അവ്വലിൽ തിയതി എഴുതപ്പെട്ടു. ഹാക്കിം തന്റെ ഗ്രന്ഥമായ 'അൽഇക്‌ലീലി'ൽ ഇബ്നു ശിഹാബ് സുഹ്‌രിയിൽനിന്ന് രിവായത്ത് ചെയ്തിരിക്കുന്നു: അന്നന്നബിയ്യ(സ)ലമ്മാ ഖദിമൽമദീനത്ത **അംറബിത്താരീഖി ഫകുതിബ ഫീ റബീയിൽഅവ്വലി** നബി(സ) തിരുമേനി മദീനയിൽ വന്നപ്പോൾ അവിടന്ന് തിയതി എഴുതാൻ നിർദേശിച്ചു. അങ്ങനെ അത് റബീയുൽ അവ്വലിൽ എഴുതപ്പെട്ടു. അല്ലാമ ഇബ്നു ഹജർ പറയുന്നു:ഈ ഹദീഥ് മുഅൽളൽ(പ്രശ്നാർഹം) ആണ്. മുഅൽളൽ: ഏതെങ്കിലും തുർച്ചയായി രണ്ടോ അതിലധികമോ നിവേദകരുടെ അഭാവം. ഒരു നിവേദനത്തിലുള്ളത് നബി(സ) തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോഴാണ് 'തിയതികുറിക്കൽ' സമ്പ്രദായം തുടങ്ങിയതെന്നാണ്. എന്നാൽ, പ്രസിദ്ധമായ കാര്യം ഇതിനു വിരുദ്ധമാണ്. അതായത് ഹിജ്റ കലണ്ടർ ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തിലാണ് നിലവിൽ വന്നത്.

സുബുലുൽഹുദാ വർറശാദ് ഫീ സീറത്ത് ഖയ്‌രിൽ ഇബാദിന്റെ കർത്താവ് മുഹമ്മദ് ബിൻ യൂസുഫ് സ്വാലിഹീ പറയുന്നു:ഇബ്നു സ്വലാഹ് പറഞ്ഞു: അദ്ദേഹം അബൂ ത്വാഹിർ മഹ്മിശിന്റെ ഗ്രന്ഥമായ അശ്ശുറൂത്വിൽ ഇപ്രകാരമെഴുതിയതായി കണ്ടു. നബി(സ) തിരുമേനി മദീനയിൽ വന്നപ്പോൾ അവിടന്ന് തിയതി എഴുതാൻ നിർദേശിച്ചു. നബി(സ) തിരുമേനി നജ്റാനിലെ ക്രിസ്ത്യാനികൾക്ക് കത്തെഴുതാൻ നിർദേശിച്ചപ്പോൾ ഹദ്റത്ത് അലിയോടു പറഞ്ഞു, അതിൽ ഇപ്രകാരം എഴുതുക. ലിഖംസിൻ മ്മിനൽഹിജ്റത്തി അതായത് ഹിജ്റത്തിനുശേഷം അഞ്ചാം വർഷം. അങ്ങനെ ഒന്നാമതായി തിയതി എഴുതിയ വ്യക്തി നബി(സ) തിരുമേനിയാണെന്നു വരുന്നു. ഹദ്റത്ത് ഉമർ(റ) ഇക്കാര്യത്തിൽ നബി(സ) തിരുമേനിയെ പിൻപറ്റുകയാണ് ചെയ്തത്. മറ്റൊരു നിവേദനപ്രകാരം ഹദ്റത്ത് യഅ്ലാ ബിൻ ഉമയ്യ എന്ന യമൻകാരനാണ്

തിയതി എഴുതുന്നതിന് തുടക്കം കുറിച്ചത്. ഇമാം അഹ്മദ് ഇക്കാര്യം വിവരിച്ചിട്ടുണ്ട്. എന്നാൽ, അതിൽ യഅ്‌ലാ ബിൻ ഉമയ്യായുടേയും അംറിന്റേയും ഇടയ്ക്ക് നിവേദകരുടെ അഭാവമുണ്ട്. മൂന്നാമത്തേതും പ്രസിദ്ധവുമായ അഭിപ്രായം ഇതാണ്: ഹിജ്റ വർഷത്തിന് തുടക്കം കുറിച്ചത് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്താണ്. ഹിജ്റ കലണ്ടറിനെക്കുറിച്ച് ഇപ്രകാരം വിശദീകരണം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഉമർ വർഷം തുടങ്ങുന്നതു സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു. അപ്പോൾ ഉണ്ടായ ഒരു അഭിപ്രായം നബി(സ)തിരുമേനിയുടെ ജനനം മുതൽ വർഷം കണക്കാക്കാമെന്നായിരുന്നു. രണ്ടാമത്തെ അഭിപ്രായം നബി(സ)തിരുമേനിയുടെ പ്രവാചകത്വം മുതൽ വർഷം കണക്കാക്കാമെന്നായിരുന്നു. മൂന്നാമത്തെ അഭിപ്രായം നബി(സ)തിരുമേനിയുടെ വഫാത്ത് മുതൽ വർഷം കണക്കാക്കാമെന്നായിരുന്നു. നാലാമത്തെ അഭിപ്രായം നബി(സ) തിരുമേനിയുടെ ഹിജ്റത്ത് മുതൽ വർഷം കണക്കാക്കാമെന്നായിരുന്നു. ഹിജ്റത്ത് മുതൽ വർഷം കണക്കാക്കുന്നതാണ് ഉചിതമെന്ന അഭിപ്രായത്തിൽ എല്ലാവരും എത്തിച്ചേർന്നു. കാരണം ജനനം നുബുവ്വത്ത് വാദം എന്നീ കാര്യങ്ങളിൽ വർഷത്തെ സംബന്ധിച്ച് ഭിന്നാഭിപ്രായങ്ങൾ നിലനിന്നിരുന്നു. അതുപോലെ നബി(സ)തിരുമേനിയുടെ വഫാത്ത് വർഷം ആക്കിയാൽ അതു മുസ്‌ലിമീങ്ങൾക്ക് എന്നും ശോകപൂർണമായിരിക്കും. അതുകൊണ്ടാണ് സ്വഹാബത്ത് ഹിജ്റത്തിൽ സംതൃപ്തരായത്. സ്വഹാബത്ത് റബീയുൽ അവ്വലിനു പകരം മുഹർറം എന്തിനു തുടങ്ങി എന്നതിന്റെ കാരണമിതാണ്. നബി(സ)തിരുമേനി ഹിജ്റത്തിനെ കുറിച്ച് മുഹർറമാസത്തിൽത്തന്നെ ദൃഢനിശ്ചയമെടുത്തിരുന്നു. ദുൽഹജ്ജിൽ രണ്ടാം അഖബ ബയ്അത്ത് നടന്നിരുന്നു. ഹിജ്റത്തിനു മുന്നോടിയായ സംഭവവും അതുതന്നെയായിരുന്നു. ഹിജ്റത്തിനു ദൃഢനിശ്ചയമെടുത്ത ശേഷം മുഹർറമാസത്തിലെ ചന്ദ്രനാണ് ആദ്യമായി പിറന്നത്. അതുകൊണ്ട് അതിനെ ആരംഭമായി ഗണിക്കുന്നത് ഉചിതമാണെന്ന് കരുതപ്പെട്ടു. അല്ലാമ ഇബ്നു ഹജർ പറയുന്നു:ഇസ്‌ലാമിക കലണ്ടർ മുഹർറം മുതൽ തുടങ്ങിയത് വെച്ചുനോക്കുമ്പോൾ എന്റെ നോട്ടത്തിൽ ഇത് ഏറ്റവും ശക്തമായ തെളിവാണ്. *(ഫതഹുൽബാരി ലിഇബ്നി ഹജർ, വാല്യം 7, പേജ് 314-315, കിതാബു മനാഖിബുൽഅൻസ്വാർ, ബാബ് അത്താരീഖ്, ഹദീഥ് 3934, ദാറുർറയ്യാൻ ലിത്തുറാഥ് ഖാഹിറ 1986)(സുബുലുൽഹുദാ വർറശാദ്, വാല്യം 12, പേജ് 36-37, ബാബു മബ്ദഉത്താരീഖുൽ ഇസ്‌ലാമി പ്രാസധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)*

നബി(സ) തിരുമേനി മദീനയിൽ എപ്പോഴാണെത്തിയത്? ഇതുസംബന്ധമായി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. നബി(സ) തിരുമേനി പലയിടത്തും തങ്ങിയ ശേഷം റബീയുൽ അവ്വൽ നബ്‌വി 14 ന് ക്രിസ്ത്വബ്ദം 622 സെപ്റ്റംബർ 20 ന് മദീനയുടെ അടുത്തെത്തി. ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ റബീയുൽ അവ്വൽ 8 നാണ് ആദ്യമായി തിയതി കുറിക്കപ്പെട്ടത്. ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹം സ്വഫർ മാസത്തിൽ മക്കയിൽനിന്ന് പുറപ്പെടുകയും റബീയുൽ അവ്വലിൽ മദീനയിലെത്തുകയും ചെയ്തു. റബീയുൽ അവ്വൽ 1 ന് നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്തിന് തുടക്കം കുറിച്ചു. റബീയുൽ അവ്വൽ 12 ന് മദീനയിലെത്തി. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ് 243, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)എം.എ) (ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ ഭാഗം2, പേജ് 102, ബാബു ഹിജ്റത്തുൽമുസ്തഫാ(സ)വ അസ്ഹാബുഹൂ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)*

ഹിജ്റ കലണ്ടറിന്റെ ആരംഭം ഏതു വർഷത്തിലായിരുന്നു എന്നതിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ചിലർ പറയുന്നു, ഹിജ്റ 16-ാം വർഷമാണെന്ന്. ചിലർ പറയുന്നു, ഹിജ്റ 17-ാം വർഷമാണെന്ന്. ചിലർ പറയുന്നു, ഹിജ്റ 18-ാം വർഷമാണെന്ന്. ചിലർ പറയുന്നു, ഹിജ്റ 21-ാം വർഷമാണെന്നും പറയുന്നുണ്ട്. *(ഫതഹുൽബാരി ലിഇബ്നി ഹജർ, വാല്യം 7, പേജ് 315, കിതാബു മനാഖിബുൽ അൻസ്വാർ , ബാബു അത്താരീഖ്, ഹദീഥ് 3934, ദാറുർറിയാൻ ലിത്തുറാഥ്, ഖാഹിറ 1986) (അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ, ഭാഗം 1, പേജ് 13, ദാരുൽകുതുബുൽഅറബി ബെയ്റൂത്ത് 2012)(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 248, ഇദാറയെ ഇസ്‌ലാമിയാത്ത് കറാച്ചി. 2004)* എങ്കിലും എല്ലാവരും ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലാണ് കലണ്ടർ നിലവിൽ വന്നതെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്.

ഇസ്‌ലാമികനാണയം: സാധാരണ ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ അറേബ്യയിൽ ഏറ്റവുമാദ്യം അബ്ദുൽ മലിക് ബിൻ മർവാനാണ് നാണയം പ്രാബല്യത്തിൽ വരുത്തിയത്. പുണ്യമദീനയിലുള്ള ചില ചരിത്രകാരന്മാർ പറയുന്നത് ഏറ്റവുമാദ്യം ഇസ്‌ലാമിക നാണയം ഹദ്റത്ത് ഉമറിന്റെ കാലത്താണ്. നിലവിൽ വന്നതെന്നാണ്. അതിൽ **'അൽഹംദുലില്ലാഹ്'**എന്ന് മുദ്രണം ചെയ്തിരുന്നു. ചിലതിൽ **'മുഹമ്മദു റസൂലുല്ലാഹ്'** എന്നും ചിലതിൽ **'ലാഇലാഹ ഇല്ലല്ലാഹ് വഹ്ദഹൂ'** എന്നും ആലേഖനം ചെയ്തിട്ടുണ്ട്. പക്ഷേ, സാസാനീ, ഇറാനീ രാജാക്കന്മാരുടെ ചിത്രങ്ങളൊന്നും വിരോധിക്കപ്പെട്ടിരുന്നില്ല. ഒരു ഗവേഷണപ്രകാരം ആദ്യത്തെ ഇസ്‌ലാമിക നാണയം ഡമാസ്കസിൽ ഹിജ്റ 17 ന് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് പ്രാബല്യത്തിൽ വന്നത്. എന്നാൽ, അതിന്റെമേൽ ബാസന്റൈൻ രാജാവിന്റെ ചിത്രവും ലാറ്റിനിൽ അദ്ദേഹത്തിന്റെ എഴുത്തും ഉണ്ടാകുമായിരുന്നു. മറ്റൊരു നിവേദനപ്രകാരം ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജ്റ 28 ൽ ഏറ്റവുമാദ്യം ഇസ്‌ലാമിക നാണയം ഉപയോഗത്തിൽവന്നു. താൽക്കാലികമായി സാസാനികളുടെ പ്രദേശങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന നാണയംതന്നെയായിരുന്നു ഉപയോഗിച്ചിരുന്നത്. അതിൽ സാസാനീ രാജാക്കന്മാരുടെ ചിത്രം ആലേഖനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ, അതോടൊപ്പം കൂഫയിലെ പ്രാദേശിക ലിപിയിൽ **'ബിസ്മില്ലാഹ്'** എന്നും എഴുതിയിരുന്നു. *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 250, ഇദാറായെ ഇസ്‌ലാമിയാത്ത് കറാച്ചി. 2004)(ജുസ്തജൂയെ മദീന പേജ് 310, അബ്ദുൽ ഹമീദ് ഖാദിരി, ഓറിയന്റൽ പബ്ലിക്കേഷൻസ്, പാക്കിസ്താൻ)*

ഇനി ഹദ്റത്ത് ഉമർ ഏതൊക്കെ കാര്യങ്ങൾക്കാണ് തുടക്കം കുറിച്ചതെന്നതിനെ കുറിച്ച് വിവരിക്കാം. അവയെ 'ഫാറൂഖ് സംരംഭം കുറിച്ച് കാര്യങ്ങൾ' എന്നു പറയുന്നു. അല്ലാമ ശിബ്‌ലീ നുഅ്മാനീ തന്റെ ഗ്രന്ഥമായ അൽഫാറൂഖിൽ എഴുതിയിരിക്കുന്നു, ഹദ്റത്ത് ഉമർ പലപ്പോഴായി സംരംഭം കുറിച്ച് കാര്യങ്ങൾ ചരിത്രകാരന്മാർ ഒരുമിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. അവയെ 'അവ്വലിയാത്തെ ഫാറൂഖി' (ഫാറൂഖ് സംരംഭം കുറിച്ച് കാര്യങ്ങൾ) എന്നാണ് പറയുന്നത്. അവയാണ് ഇനി പറയുന്നത്. ഇതിനൊക്കെ അദ്ദേഹമാണ് തുടക്കമിട്ടത്.

ഒന്ന് ബയ്ത്തുൽമാലിന്റെ (സർക്കാർ ഖജനാവ്) സ്ഥാപനം. രണ്ടാമാതായി കോടതികൾ സ്ഥാപിച്ചു. ഖാളിമാരെ നിയമിച്ചു. മൂന്ന് തിയതിയും വർഷവും കുറിക്കാൻ തുടങ്ങി. ഇന്നും അവ തുടർന്നു വരുന്നുണ്ട്. നാല് അമീറുൽമുഅ്മിനീൻ എന്ന സ്ഥാനനാമം സ്വീകരിച്ചു. ഹദ്റത്ത് ഉമർ ഖലീഫമാരെ അങ്ങനെ അഭിസംബോധന ചെയ്യുന്ന രീതി കൊണ്ടുവന്നു. അഞ്ച് പട്ടാളവകുപ്പ് സ്ഥാപിക്കുകയും ക്രമീകരിക്കുകയും ചെയ്തു. ആറ് വളണ്ടിയർമാരുടെ ശമ്പളം നിശ്ചയിച്ചു. ഏഴ് ധനകാര്യവകുപ്പ് തുടങ്ങി. എട്ട് അളവു സമ്പ്രദായം തുടങ്ങി. ഒമ്പത് കാനേഷുമാരി നടത്തി. പത്ത് കനാലുകൾ നിർമിച്ചു. പതിനൊന്ന് നഗരങ്ങൾ അധിവസിപ്പിച്ചു. അതായത് കൂഫ, ബസ്വറ, ജീസാ, ഫുസ്ത്വാത്ത്, മുസ്വൽ തുടങ്ങിയവ. പന്ത്രണ്ട് അധിനിവേശ രാജ്യങ്ങളെ പ്രവിശ്യകളായി തിരിച്ചു. പതിമൂന്ന് ഉശൂർ അഥവാ പത്തിലൊന്ന് ടാക്സ് ഏർപ്പെടുത്തി. ഉശൂർ എന്നത് ഹദ്റത്ത് ഉമർ(റ)ന്റെ കണ്ടുപിടിത്തമാണ്. അത് തുടങ്ങിയത് ഇപ്രകാരമായിരുന്നു. അന്യരാജ്യങ്ങളിൽ വ്യാപാരാവശ്യാർഥം പോകുന്ന മുസ്‌ലിമീങ്ങളോടു അവിടുത്തെ സമ്പ്രദായപ്രകാരം വ്യാപാരത്തിന്റെ പത്തിലൊന്ന് ധനം ടാക്സായി പിരിച്ചിരുന്നു. അബൂമൂസാ അശ്അരി ഹദ്റത്ത് ഉമർ(റ)ന് ഈ സംഭവത്തെ കുറിച്ച് അറിയിപ്പ് നല്കി. ഹദ്റത്ത് ഉമർ അപ്പോൾ ഇപ്രകാരം കല്പിച്ചു. ആ രാജ്യങ്ങളിലെ വ്യാപാരികൾ നമ്മുടെ രാജ്യത്തു വന്നാൽ അതേ തോതിൽ അവരിൽനിന്ന് ടാക്സ് വസൂൽ ചെയ്യേണ്ടതാണ്. അങ്ങനെ പത്തിലൊന്ന് ടാക്സ് ചുമത്താൻ തുടങ്ങി. പതിനാല് നദിക്കരയിലുള്ള വിളവുകൾക്ക് ടാക്സ് നിശ്ചയിച്ചു. പതിനഞ്ച് യോദ്ധാക്കളായ വ്യാപാരികൾക്ക് രാജ്യത്തു വന്ന് വ്യാപാരം നടത്താൻ അനുമതി നല്കി. പതിനാറ് ജയിലുകൾ നിർമിച്ചു. പതിനേഴ് ശിക്ഷ നല്കാൻ ചാട്ടവാർ ഉപയോഗിച്ചു. പതിനെട്ട് രാത്രിയിൽനിന്ന് പട്രോളിംഗിനുള്ള(ുമഹ്രീഹഹശിഴ)ഏർപാട് ചെയ്തു.പ്രജകളുടെ സ്ഥിതിഗതികൾ അന്വേഷിച്ചു. പത്തൊമ്പത് പോലീസ് വകുപ്പ് തുടങ്ങി. ഇരുപത് പലയിടങ്ങളിലും സൈന്യതാവളങ്ങൾ സ്ഥാപിച്ചു. ഇരുപത്തൊന്ന് കുതിരകളുടെ വംശങ്ങളിൽ അസീലും മുജന്നസും വേർതിരിച്ചു. ആ സമയത്ത് അറേബ്യയിൽ ഇല്ലാത്ത

സമ്പ്രദായമായിരുന്നു അത്. ഇരുപത്തി രണ്ട് മുൻശിമാരെ നിയമിച്ചു. ഇരുപത്തിമൂന്ന് മക്കയിൽനിന്നു മദീനവരെ യാത്രക്കാർക്ക് വിശ്രമിക്കാൻ കെട്ടിടങ്ങൾ പണിതു. ഇരുപത്തിനാല്, അനാഥക്കുട്ടികളെ പരിപാലിക്കാൻ അലവൻസുകൾ നിശ്ചയിച്ചു. ഇരുപത്തിയഞ്ച് പലനഗരങ്ങളിലും അതിഥിമന്ദിരങ്ങൾ നിർമിച്ചു. ഇരുപത്തിയാറ് അറബ് വാസികൾ അവിശ്വാസികളായാലും ശരി അടിമകളാക്കപ്പെടില്ല എന്ന നിയമം കൊണ്ടുവന്നു. ഇരുപത്തിയേഴ് പട്ടിണിപ്പാവങ്ങളായ ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും സ്റ്റൈഫന്റ് നിശ്ചയിച്ചു. ഇരുപത്തിയെട്ട്, ഓഫീസുകൾ സ്ഥാപിച്ചു. ഇരുപത്തിയൊമ്പത്, മുഅല്ലിം മുദർരിസ് തുടങ്ങിയവർക്ക് ശമ്പളം നിശ്ചയിച്ചു. മുപ്പത്. ഖുർആനിന്റെ ക്രോഡീകരണത്തിന് ഹദ്റത്ത് അബൂബക്ർ(റ)നെ നിർബന്ധമായും പ്രേരിപ്പിച്ചു. അതുപോലെ സ്വയം മേൽനോട്ടം വഹിച്ചു. അതിന് പരിസാമാപ്തി വരുത്തി. മുപ്പത്തിയൊന്ന് കണക്കു നിശ്ചയിക്കുന്ന രീതികൾ കൊണ്ടുവന്നു. മുപ്പത്തിരണ്ട് നിർബന്ധ കടമകളിൽ ഔൽ(അനന്തരാവകാശ വിഹിതത്തിലുള്ള പ്രത്യേക പരിഗണന)ന്റെ മസ്അല(പ്രശ്നം) കണ്ടുപിടിച്ചു. അതായത് ഭക്ഷണപദാർഥങ്ങൾക്കുവേണ്ടി ചിലരെ കുടുംബത്തിൽ ചേർക്കുക. മുപ്പത്തിമൂന്ന് തറാവീഹ് നമസ്കാരം ജമാഅത്തായി തുടങ്ങി. മുപ്പത്തിനാല് ഒരുമിച്ച് മൂന്നു ത്വലാഖ് കൊടുക്കുന്നതിനെ ത്വലാഖ് ബയ്യിനായി നിശ്ചയിച്ചു. ഇത് അവിടന്ന് ശിക്ഷ എന്ന നിലയിലാണ് ചെയ്തത്. മുപ്പത്തിയഞ്ച് മദ്യപാനത്തിനുള്ള ശിക്ഷ 80 ചാട്ടവാർ അടിയായി നിശ്ചയിച്ചു. മുപ്പത്തിയാറ് കച്ചവടത്തിനുള്ള കുതിരകളിന്മേൽ സക്കാത്ത് നിശ്ചയിച്ചു.മുപ്പത്തിയേഴ് ബനൂഥഅ്‌ലബിലെ ക്രിസ്ത്യാനികളുടെമേൽ ജിസ്‌യയ്ക്കു പകരം സക്കാത്ത് നിശ്ചയിച്ചു. മുപ്പത്തിയെട്ട് വഖ്ഫിന്റെ രീതി കണ്ടുപിടിച്ചു. മുപ്പത്തിയൊമ്പത് ജനാസ നമസ്കരത്തിൽ നാലു തക്ബീർ എല്ലാവരേയും കൊണ്ട് സമ്മതിപ്പിച്ചു. മൂന്നു തക്ബീറാണ് ഉള്ളത്. പൊതുവെ ഇതാണ് സുന്നത്ത്. അല്ലെങ്കിൽ ആദ്യ തക്ബീർ ചേർത്ത് അവസാന തക്ബീർവരെ സലാം മടക്കുന്നതിന് മുമ്പേ നാല്. ഇപ്പോഴും ഇതാണ് നടന്നു വരുന്നത്. നാല്പത്, മസ്ജിദുകളിൽ ഉപദേശപ്രസംഗം(വഅ്ള്) നടപ്പിൽവരുത്തി. അദ്ദേഹത്തിന്റെ അനുവാദത്താൽ തമീംദാരീ ഉപദേശം(വഅ്ള്)നടത്തി. ഇതാണ് ഇസ്‌ലാമിലെ ആദ്യത്തെ ഉപദേശ(വഅ്ള്)പ്രസംഗം. നാല്പത്തിയൊന്ന് ഇമാമീങ്ങൾക്കും ബാങ്കുവിളിക്കുന്നവർക്കും ശമ്പളം നിശ്ചയിച്ചു. നാല്പത്തിരണ്ട് മസ്ജിദുകളിൽ രാത്രികാലങ്ങളിൽ വെളിച്ചത്തിനുള്ള സംവിധാനം ചെയ്തു.നാല്പത്തിമൂന്ന് ആക്ഷേപിക്കുന്നതിന് ശിക്ഷ ഏർപ്പെടുത്തി. നാല്പത്തിനാല് ഗസലുകളിൽ സ്ത്രീകളുടെ പേരു പറയുന്നത് വിലക്കി. വാസ്തവത്തിൽ അത് കാലങ്ങളായി അറബികളിൽ നടന്നുവരുന്നതായിരുന്നു. അല്ലാമ ശിബ്‌ലീ എഴുതുന്നു: ഇതിനുപുറമെ ഉമർ ആദ്യമായി സംരംഭം കുറിച്ച മറ്റുള്ള പലതുമുണ്ട്. ദീർഘഭയം നിമിത്തം ചുരുക്കുകയാണ്. *(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 401-403, ഇദാറയെ ഇസ്‌ലാമിയാത്ത് കറാച്ചി. 2004)*

ഈ സ്മരണ തുടരുകയാണ്. തുടർന്നും ഇൻശാ അല്ലാഹ് വിവരിക്കുന്നതായിരിക്കും. ഇനി ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കാനാഗ്രഹിക്കുകയാണ്. ഇൻശാ അല്ലാഹ് നമസ്കാരത്തിനുശേഷം അവരുടെ ജനാസഗാഇബും നമസ്കരിക്കുന്നതാണ്.

ആദ്യത്തെ അനുസ്മരണം ഇന്തൊനേഷ്യയിലെ സുരിപ്തോ ഹാദി സിസ്‌വോയോ (Suripto Hadi Siswoyo) സാഹിബിന്റേതാണ്. അദ്ദേഹം 79-ാം വയസ്സിൽ കഴിഞ്ഞമാസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം 21-ാം വയസ്സിലാണ് ബയ്അത്ത് ചെയ്തത്. ആ നേരത്ത് വലിയ ശക്തിയോടെ ജമാഅത്തിൽ ഉറച്ചുനിന്നു. പരേതന്റെ ഭാര്യ എഴുതുന്നു: 'പരേതൻ ഭാര്യയ്ക്കുപുറമെ 8 മക്കളെ സ്മാരകമായി വിട്ടിട്ടാണ് പോയത്. ഒരു മകൻ മുബല്ലിഗായി സേവനം അനുഷ്ഠിച്ചുവരുന്നു. പരേതൻ ഒരുപാടു തവണ ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്തൊനേഷ്യാ ദാറുൽഖളായിൽ ഖാളി എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. തബ്‌ലീഗ് ചെയ്യാൻ വളരെ താൽപര്യമായിരുന്നു. കർമനിരതനായൊരു ദാഈ ഇലല്ലാഹ് ആയിരുന്നു. പ്രയാസാവസ്ഥകളിലൊന്നും തബ്‌ലീഗ് ചെയ്യാനുള്ള വികാരം ഒരിക്കലും അണഞ്ഞിരുന്നില്ല.' മുറബ്ബിയായ അദ്ദേഹത്തിന്റെ മകൻ അർവാൻ ഹബീബുല്ലാഹ് പറയുന്നു: മോട്ടോർ സൈക്കിൾ ഏതെങ്കിലും വീട്ടിൽ വെച്ച് ധാരാളം കിലോമീറ്റർ പല പ്രാവശ്യവും നടന്നു യാത്ര ചെയ്യുമായിരുന്നു;തബ്‌ലീഗിന്! മറ്റുഗ്രാമങ്ങളിൽപോകാൻ നദികളും പാറക്കെട്ടുകളും തരണം ചെയ്യേണ്ടിവരുമായിരുന്നു. അങ്ങനെ അദ്ദേഹം അവ താണ്ടിപ്പോകുമായിരുന്നു. വളരെ കഠിനതരമായിരുന്ന യാത്രകളാണ് അദ്ദേഹം തബ്‌ലീഗിനുവേണ്ടി ചെയ്തിരുന്നത്. അദ്ദേഹം വളരെ കഠിനാധ്വാനിയും വിഷമങ്ങൾ സഹിക്കുന്നയാളുമായിരുന്നു. അധ്യാപകനെന്ന നിലയിൽ അദ്ദേഹം ഉദ്യോഗം വഹിച്ചിരുന്നപ്പോൾ പഠിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഊഴം നാലു ദിവസങ്ങളാക്കി ചുരുക്കാൻവേണ്ടി സ്കൂളിലെ പ്രിൻസിപ്പാളിന് അപേക്ഷ കൊടുത്തു. എത്ര ക്ലാസ്സുണ്ടെങ്കിലും നാലു ദിവസംകൊണ്ട് ക്ലാസ്സുകൾ വീഴ്ചവരുത്താതെ മുഴുവിപ്പിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. അങ്ങനെ പറഞ്ഞാണ് തനിക്ക് മറ്റുദിവസങ്ങളിൽ അവധി നല്കാൻ അദ്ദേഹം അപേക്ഷ കൊടത്തിരുന്നത്. തബ്‌ലീഗിനു പോകാൻ കൂടുതൽ സമയം കിട്ടാനാണ് അദ്ദേഹം അങ്ങനെ ചെയ്തതും! വ്യാഴാഴ്ച്ച് സ്കൂളിൽനിന്ന് പണി കഴിഞ്ഞിറങ്ങിയാൽ നേരെ തബ്‌ലീഗിനു പോകുമായിരുന്നു. ഞായറാഴ്ച വൈകുന്നേരമാണ് വീട്ടിൽ തിരിച്ചെത്താറുണ്ടായിരുന്നത്. ചിലപ്പോൾ തിങ്കളാഴ്ച രാവിലെയായിരിക്കുമെത്തുക.

മുറബ്ബി ബിശാറത്ത് അഹ്മദ് സാഹിബ് എഴുതന്നു: 'വോനോസോബോ(Wonosobo) പ്രദേശത്ത് 10 ജമാഅത്തുകളാണ് അദ്ദേഹം മുഖേന സ്ഥാപിതമായത്. ഏതവസ്ഥയിലും തഹജ്ജുദ് നമസ്കാരത്തിന് പ്രത്യേകം ഏർപാടു ചെയ്തിരുന്നു. ഏതു തരത്തിലുള്ള ആളുകളുമായും വളരെ ആദരവോടും മമതയോടുംകൂടി പെരുമാറിയിരുന്നു. ഒരിക്കൽ അദ്ദേഹം പറഞ്ഞു: അവസാന നാളുവരെ തബ്‌ലീഗിൽ വ്യാപൃതനായിരിക്കുക എന്നതാണ് എന്റെ ആഗ്രഹം; അതിൽത്തന്നെയാണ് എന്റെ സന്തോഷത്തിന്റേയും ആരോഗ്യത്തിന്റേയും താക്കോലുള്ളതും.'

മുറബ്ബി അഹ്മദ് ഹിദായത്ത് സാഹിബ് വിവരിക്കുന്നു: പരേതൻ ഒരു ധീരനായ ദാഈ ഇലല്ലാഹ് ആയിരുന്നു. എതിരാളികളിൽനിന്ന് ഭീഷണിയുണ്ടായപ്പോൾ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. ഉറച്ചുനിന്ന് അതിനെ നേരിട്ടു. അല്ലാഹു മഗ്ഫിറത്തോടും കരുണയോടുംകൂടി അദ്ദേഹത്തോടു പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ആമീൻ.

അടുത്ത അനുസ്മരണം നങ്കാനസാഹിബു ജില്ലയിലെ അല്ലാഹ് ദാദ് സാഹിബ് ഭൂഡോയുടെ മകൻ ചൗദ്‌രീ ബശീർ അഹ്മദ് ഭട്ടി സാഹിബിന്റേതാണ്. 95-ാം വയസ്സിൽ അദ്ദേഹം കഴിഞ്ഞ മാസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അദ്ദേഹത്തിന്റെ മകൻ മുറബ്ബി മുഹമ്മദ് അഫ്ളൽ ഭട്ടി സാഹിബ് ടാൻസാനിയാ (Tanzania)പറയുന്നു: ഇദ്ദേഹം ജന്മനാ അഹ്മദിയായിരുന്നു. നോമ്പും നമസ്കാരവുമെല്ലാം കൃത്യമായും അനുഷ്ഠിച്ചിരുന്നു. നീതിമാനും കാര്യങ്ങൾ വ്യക്തമായും സംസാരിക്കുന്ന ആളുമായിരുന്നു. അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടും ആസക്തപരമായ സ്നേഹമായിരുന്നു. ചെറിയപ്രായം മുതലേ ഖാദിയാനിൽ ജൽസയ്ക്കു പോകുമായിരുന്നു. ഗ്രാമത്തിലെ ആളുകൾ കൂടോത്രക്കാരെ വല്ലാതെ ഭയപ്പെട്ടിരുന്നു. ഇത് നമ്മുടെ നാട്ടിൽ സാധാരണ നടന്നുവരുന്ന കാര്യമാണ്. അവരെ ഭയക്കരുതെന്ന് ഇദ്ദേഹം ആളുക

(ശേഷം പേജ് 10 ൽ)

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 ഒക്ടോബർ 02 (ബുധനാഴ്ച) (തുടർച്ച)

### മസ്ജിദ് ഫലകം അനാച്ഛാദനം: തുടർച്ച

ഈ സ്ഥലം വളരെ വില കുറച്ച് കിട്ടുക എന്നത് ഒരു മുഅ്ജിസത്തിനെക്കാൾ ഒട്ടും കുറവല്ല. ഹുദൂർ ഈ സ്ഥലത്തിനു പേരിട്ടുകൊണ്ട് ഫ്രാൻസ് അമീർ സാഹിബിനോട് പറഞ്ഞു: 'അല്ലാഹു പ്രദാനം ചെയ്ത സ്ഥിതിക്ക് 'ബയ്ത്തുൽ അത്വാ' എന്ന് പേരു വെക്കുക.' ഈ സ്ഥലത്ത് വിശാലമായ ഒരു കെട്ടിടവും താമസസ്ഥലവും ഹാളും മുമ്പേതന്നെ ഉണ്ടായിരുന്നു.ഈ കെട്ടിടങ്ങൾ 1400 ചതുരശ്രമീറ്റർ സ്ഥലത്താണുളളത്. വിശാലമായ ഈ രണ്ടു നില കെട്ടിടത്തിന്നുള്ളിൽ മൂന്ന് ഹാളുണ്ട്. സ്ത്രീകൾ അവരുടെ ഇജ്തിമാകളും താമസസൗകര്യങ്ങളും മറ്റു പ്രോഗ്രാമുകളും ഈ ഹാളുകളിലാണ് നടത്തുന്നത്.

ഭൂഗർഭഭാഗത്തെ കൂടാതെ മറ്റൊരു കെട്ടിടത്തിന് 3 നിലയുണ്ട്. ഇതിന്റെ 2 നിലകളിലും 9 ഗസ്റ്റ് റൂമുകൾ സജ്ജീകരിച്ചിരിക്കുന്നു. 4 ബാത്ത് റൂമുകളും ലോഞ്ചും മീറ്റിംഗ് റൂമുമുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ വളരെ വലിയൊരു ജമാഅത്തീ കിച്ചണും പ്രവർത്തിക്കുന്നു. ഭൂഗർഭഭാഗം ഇപ്പോൾ ഉപയോഗിക്കുന്നില്ല.

ഈ കെട്ടിടത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടം പ്രസിദ്ധീകരണ വിഭാഗത്തിന്റേയും ഹ്യൂമാനിറ്റി ഫസ്റ്റിന്റേയും ഓഫീസുകൾ ഉൾക്കൊള്ളുന്നതാണ്. ഇതിൽ ബുക്ക് സ്റ്റോർ കൂടാതെ ഒരു ഭാഗത്ത് ബാത്ത് റൂമുകളും വുളൂ ചെയ്യാനുള്ള സ്ഥലവും സജ്ജീകരിച്ചിരിക്കുന്നു.

മറ്റൊരു കെട്ടിടം താമസത്തിനുവേണ്ടി സജ്ജീകരിച്ചിരിക്കുന്നു. ഈ കെട്ടിടത്തോടു ചേർന്നുള്ള ഹാളും നമസ്കരിക്കാൻവേണ്ടി സജ്ജീകരിച്ചിരിക്കുന്നു. 400 ലധികം പേർക്ക് ഇതിൽ നമസ്കരിക്കാൻ സാധിക്കും. 3 കെട്ടിടങ്ങൾക്കിടയിലുള്ള സ്ഥലത്ത് കല്ലുകൾപാകി പക്വപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഒരു ഷെഡ്ഡും ഉണ്ടാക്കിയിട്ടുണ്ട്. ആവശ്യം നേരിടുന്ന സമയത്ത് ഈ ഷെഡ്ഡിൽ 300 പേർക്ക് നമസ്കരിക്കാൻ സാധിക്കും. നൂറുക്കണക്കിനു പേർക്ക് ഭക്ഷണവും കഴിക്കാൻ കഴിയും. കൂടാതെ ഈ വിശാലമായ സ്ഥലത്ത് ചില സ്ഥലങ്ങളിൽ ചില ഹട്ടുകളും നിർമിക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥലത്തിന്റെ വലത്തും മുൻഭാഗത്തും വയലുകളാണ്. ഇടതു ഭാഗത്ത് ഒരു അയൽവാസിയുടെ വീടാണ്. ഈ ഭൂമിയുടെ പിൻഭാഗത്ത് ജൽസാഗാഹാണ്. ഒരു ഇടതൂർന്നവനവുമുണ്ട്. ഇതിന്റെ ചുറ്റളവ് ഏകദേശം 2 ലക്ഷത്തി 50-നായിരം ചതുരശ്രമീറ്ററാണ്. ഇതിന്റെ വില 1 ലക്ഷം യൂറോയാണ്. ഇത് വാങ്ങാനുള്ള അനുവാദവും ഹുദൂർ നല്കിയിട്ടുണ്ട്. ഫ്രാൻസ് ജമാഅത്ത് 10000 യൂറോ അഡ്വാൻസ് നല്കിക്കഴിഞ്ഞു. ഈ വനത്തിലേക്കുള്ള വഴി നമ്മുടെ ഭൂമിയിലൂടെ മാത്രമേയുള്ളൂ എന്നുള്ളതുകൊണ്ട് അതിലൂടെ മാത്രമേ അവർക്ക് അവിടേക്ക് പോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഈ സ്ഥലവും വാങ്ങാൻ തീരുമാനം എടുത്തത്.

ഫ്രാൻസ് തലസ്ഥാനമായ പാരീസിൽനിന്നു 60 കിലോമീറ്റർ മാത്രം ദൂരത്ത് കേവലം ആറര ലക്ഷം യൂറോക്ക് ഇങ്ങെനെയൊരു സ്ഥലം ലഭിക്കുക എന്നത് അവിശ്വസനീയമായ കാര്യമാണ്. വിശിഷ്യാ ഇതിൽ ധാരാളം കെട്ടിടങ്ങളും സ്ഥിതി ചെയ്യുമ്പോൾ! ഇത്രയും തുകയിൽ രണ്ടോ മൂന്നോ ബെഡ് റൂമുള്ള ഒരു വീടുപോലും വാങ്ങാൻ സാധിക്കില്ല. എന്നാൽ, ഇവിടെ 14000 ചതുരശ്ര മീറ്ററിൽ വളരെ ഉറപ്പുള്ള കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നു. ജൽസാ ഗാഹിനുള്ള വിശാലമായ സ്ഥലവും അതിന്നുള്ള എല്ലാ സജ്ജീകരണവും ഇവിടെയുണ്ട്. ഖിലാഫത്തിന്റെ അനുഗ്രഹത്താൽ കേവലം അല്ലാഹുവിന്റെ മാത്രം ഔദാര്യമാണിത്.

ഈ സ്ഥലം വാങ്ങുന്നതിന് ചില തടസ്സങ്ങൾ നേരിട്ടിരുന്നു. എന്നാൽ, ഹുദൂറിന്റെ ദുആകളുടെ ഫലമായി അല്ലാഹു എല്ലാ തടസ്സങ്ങളും നീക്കുകയും ഒടുവിൽ ജമാഅത്തിന് നല്കുകയും ചെയ്തു. 2014 ഏപ്രിൽ 22ന് ഈ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടന്നു. സകലസ്തുതിയും അല്ലാഹുവിന്ന്!

ഈ സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഫ്രാൻസ് അമീർ അശ്ഫാഖ് റബ്ബാനി സാഹിബ് പറയുന്നു: ഹുദൂറിന്റെ അനുമതിയോടെ ഒരു വിശാലമായ സ്ഥലത്തിനുവേണ്ടിയുള്ള അന്വേഷണത്തിലായിരുന്നു ഞങ്ങൾ. അഞ്ചേ മുക്കാൽ ഭൂവിസ്തൃതിയുള്ള കെട്ടിടങ്ങൾ നിറഞ്ഞ ഒരു സ്ഥലം ഒരു ഏജൻസിയുടെ കൈയിലുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അവരുമായി ബന്ധപ്പെട്ട് 6 ലക്ഷത്തി 40000 യൂറോയ്ക്ക് കച്ചവടം ഉറപ്പിച്ചു. അതിനുശേഷം അനുമതിക്കുവേണ്ടി ഹുദൂറിന് കത്തെഴുതി. അതിന് ഹുദൂർ ഇപ്രകാരം അനുമതി നല്കി:വാങ്ങുക.' അങ്ങനെ ഞങ്ങൾ 70000 യൂറോ നല്കി കൈമാറ്റത്തിനുള്ള നിയമപരമായ പ്രവർത്തനങ്ങൾ തുടങ്ങി. ഇക്കാര്യത്തെ കുറിച്ച് കോർട്ട് അറിഞ്ഞപ്പോൾ ഈ സ്ത്രീക്ക് ഈ സ്ഥലം വിൽക്കാനുള്ള അനുമതിയില്ലെന്ന് ഞങ്ങൾക്ക് വിവരംകിട്ടി. കാരണം ഇവർ ബാങ്കിൽ കടക്കാരിയാണ്. ഇക്കാര്യം ആ സ്ത്രീയെ അറിയിച്ചപ്പോൾ അവർ നമ്മളോട് അപമര്യാദയോടെ പെരുമാറി. അവർ അതിൽ മൃഗങ്ങളേയും വളർത്തിയിരുന്നു. ശ്വാക്കളെ നമുക്കെതിരിൽ അഴിച്ചു വിടുമെന്നുവരെ ഭീഷണി മുഴക്കി.

മറുഭാഗത്ത് ബാങ്ക് അധികൃതർ നീതിപീഠത്തിൽ നിന്നു ഈ സ്ഥലം ലേലത്തിൽ വിറ്റഴിക്കാനുള്ള അനുമതി തേടി. ഈ ലേലത്തിൽ പങ്കെടുക്കാൻ ഞങ്ങൾക്ക് അനുമതി ലഭിച്ചതുമില്ല. ആദ്യത്തെ ലേലത്തിന് ആരും പങ്കെടുത്തില്ല എന്നത് ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു. രണ്ടാമത്തെ ലേലത്തിൽ സ്ഥലത്തിന്റെ വില കുറക്കപ്പെടും എന്നുള്ളതുകൊണ്ട് പ്രസ്തുത ഉടമസ്ഥ അസ്വസ്ഥയായി. തുടർന്ന അവർ കോടതിയെ സമീപിക്കുകയും ലേലത്തിലൂടെ തനിക്ക് ഒന്നും ലഭിക്കില്ലെന്നും തനിക്ക് രണ്ട് ചെറിയ കുട്ടികളുണ്ടെന്നും ഭർത്താവ് ജയിലിലാണെന്നും തന്നെ സഹായിക്കണമെന്നും ആവലാതി ബോധിപ്പിച്ചു.

ഇപ്പോൾ ഈ സ്ഥലം വിൽക്കാൻ പ്രതിബന്ധങ്ങൾ കൂടുതലായി. ഞാൻ ചിലരോട് ദുആക്കും അപേക്ഷിച്ചു. അതിലൊരു വ്യക്തിയുടെ കത്ത് എനിക്ക് വന്നു. അതിൽ അദ്ദേഹം ഇപ്രകാരം ദുആ ചെയ്യാൻ പറഞ്ഞു:അല്ലാഹുവേ! ഖലീഫത്തുൽ മസീഹ് വാങ്ങുക എന്ന് പറഞ്ഞു. എന്നാൽ, ഇവർ വാങ്ങാൻ സമ്മതിക്കുന്നില്ല. അങ്ങനെ ദുആയിൽ കൂടുതൽ വേദന കൈവന്നു. ഒരു ദിവസം ജഡ്ജ് ആ സ്ത്രീയോട് പറഞ്ഞു: അഹ്മദികളുമായി സംസാരിക്കുക.

അപ്പോൾ ആ സ്ത്രീ പറഞ്ഞു: അഹ്മദികളോട് ഞാൻ വളരെ അപമര്യാദയോടെ പെരുമാറിയതാണ്. ഞാനെങ്ങനെ അവരുടെ അടുക്കൽപോകും?

അപ്പോൾ ജഡ്ജി പറഞ്ഞു: അത് കൂടാതെ നിങ്ങളുടെ മുന്നിൽ മറ്റൊരു വഴിയുമില്ല.

അങ്ങനെ ഒരു ദിവസം രാത്രി ഈ സ്ത്രീ നമ്മുടെയടുക്കൽവന്നു. തന്റെ പ്രവൃത്തിയിൽ മാപ്പ് ചോദിച്ചു. എന്നിട്ടു പറഞ്ഞു: നിങ്ങൾ ഈ സ്ഥലം വാങ്ങുക. ഞാൻ കോടതിയിൽ  സംസാരിച്ചു കഴിഞ്ഞു.

തുടർന്ന് കോടതി ഒരു വിജ്ഞാപനവും പുറപ്പെടുവിച്ചു. 'ഈ സ്ഥലം ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിന് നല്കുന്നു. ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ ഒരു മാസത്തിനുള്ളിൽ കോടതിയിൽ ബോധിപ്പിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഈ സ്ഥലം അഹ്മദിയ്യാ ജമാഅത്തിന് നല്കപ്പെടുന്നതാണ്.'

എന്നാൽ, ആരുടെ ഭാഗത്തുനിന്നു ഒരു എതിർപ്പുമുണ്ടായില്ല. തുടർന്ന് കോടതി രജിസ്ട്രേഷനുള്ള തിയതി നിശ്ചയിച്ചു നല്കി. ഇതിന്നു ശേഷം രജ്സ്ട്രേഷൻ ദിവസം വീടിന്റെ താക്കോലുകൾകൊണ്ടു വരണമെന്ന് ഞങ്ങൾ ആ സ്ത്രീയോട് പറഞ്ഞു.

അപ്പോൾ ആ സ്ത്രീ പറഞ്ഞു: ഞാൻ എന്റെ രണ്ട് കുട്ടികളേയും കൂട്ടി എവിടെ പോകും?

അപ്പോൾ വാടകയ്ക്ക് ഒരു സ്ഥലം എടുത്തുകൊടുക്കാമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്തു. വാടകയുടെ തുക ഞങ്ങൾ സ്ഥലത്തിന്റെ വിലയിൽ നിന്നു കുറച്ചു. ഈ വീടിന്റെ നിറം ശരിയല്ലെന്ന് വാടക വീട് കണ്ടപ്പോൾ അവർ പറഞ്ഞു. ഖുദ്ദാം അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള നിറവും അടിച്ചു കൊടുത്തു. സാധനങ്ങൾ കൊണ്ടു വരാൻ ആരുമില്ലെന്നായിരുന്നു അടുത്ത പരാതി. ഖുദ്ദാം അവരുടെ സാധനങ്ങളും വാടകവീട്ടിലേക്ക് എത്തിച്ചു കൊടുത്തു.

അമീർ സാഹിബ് ഫ്രാൻസ് തുടരുന്നു: രജിസ്ട്രേഷന്റെ ദിവസം ഒപ്പ് ഇടാനുള്ള സമയമായപ്പോൾ ഞാൻപറഞ്ഞു:ദുആ ചെയ്യാതെ ഞാനൊരു പ്രവൃത്തിയും ചെയ്യുകയില്ല. ഞാൻ ദുആ ചെയ്യും. എന്നിട്ട് ഒപ്പിടും.'

അപ്പോൾ സർക്കാർ ഓഫീസർ ജഡ്ജ് പറഞ്ഞു: ഇത് ഭരണകൂടത്തിന്റെ സ്ഥാപനമാണ്. ഇക്കാര്യത്തിനു അനുമതി നല്കാൻ സാധിക്കുകയില്ല

ഞാൻ പറഞ്ഞു:ഞാൻ ഈ സ്ഥലം ദുആ ചെയ്യാതെ വാങ്ങില്ല. അപ്പോൾ ഉടമസ്ഥ അസ്വസ്ഥയായി. ബാങ്ക് പ്രതിനിധികളും അസ്വസ്ഥരായി. കാരണം അവരുടെ തുകയും നഷ്ടപ്പെടുമായിരുന്നു.

അപ്പോൾ ഫ്രഞ്ച് ഭാഷയിൽ ആ സ്ത്രീ വാങ്ങുക,......വാങ്ങുക, ദയവു ചെയ്തു വാങ്ങുക എന്ന് ആവർത്തിച്ചെന്നോട് ഫറഞ്ഞു കൊണ്ടിരുന്നു. ഹുദൂർ പറഞ്ഞ അതേ പദങ്ങൾ അവർ ആവർത്തിച്ച് ഉച്ചരിച്ചു. ഓഫീസിലെ ആളുകൾ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അവർ എന്നോട് പറഞ്ഞു: നിങ്ങളെന്താണ് പ്രാർഥിക്കുന്നത്?

അപ്പോൾ ഞാൻ പറഞ്ഞു:എനിക്ക് പ്രാർഥിക്കാനുള്ളത്, ഈ സ്ഥലം ഇസ്‌ലാമിന്നും മനുഷ്യകുലത്തിനും ഏറ്റവും നല്ല വലിയൊരു സെന്ററായി തീരേണമേ എന്നാണ്.

അപ്പോൾ ജഡ്ജ് പറഞ്ഞു: ഇതാണ് പ്രാർഥിക്കുന്നതെങ്കിൽ ഞാനും ഇതുതന്നെ ചെയ്യുകയാണ്.

അങ്ങനെ ഒപ്പിടൽ കർമം കഴിഞ്ഞു. നിയമപരമായി ഈ സ്ഥലം ജമാഅത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. അല്ലാഹു തന്റെ ഖലീഫയുടെ വായിൽ നിന്നു പുറപ്പെടുവിച്ച വാക്കുകൾ അക്ഷരംപ്രതി പൂർത്തിയാക്കി. ഈ സ്ഥലം ഞങ്ങൾക്ക് നല്കി. ഹുദൂർ ഈ സ്ഥലത്തിന് ബയ്ത്തുൽഅത്വാ എന്ന് പേരിട്ടു.

ഇന്ന് ബുധനാഴ്ച ഹോളണ്ടിലെ ഒരു പ്രാദേശിക ടെലിവിഷൻ ചാനലായ ഛര്വീലു എഹലീഹമിറ' നല്കിയ വാർത്ത ചുവടെ ചേർക്കുകയാണ്:

**അൽമെറെയിൽ**
**അഹ്മദിയ്യാ മസ്ജിദ് ഉൽഘാടനം**

ചൊവ്വാഴ്ച ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടനം നടന്നു. ഈ മസ്ജിദ് അഹ്മദിയ്യാ ജമാഅത്തിന്റേതാണ്.

ഇത് പാക്കിസ്ഥാനുമായി ബന്ധമുള്ള ഒരു ഇസ്‌ലാമിക ജമാഅത്താണ്. മുഹമ്മദ് നബി(സ)പ്രവചിച്ച വാഗ്ദത്ത മസീഹാണ് ഈ ജമാഅത്തിന്റെ സ്ഥാപകരെന്നാണ് ഇവരുടെ വിശ്വാസം. ഇതര മുസ്‌ലിം വിഭാഗങ്ങൾ ഇവരെ അമുസ്‌ലിം എന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

മസ്ജിദിന്റെ ഉൽഘാടനം ജമാഅത്തിന്റെ ഖലീഫ ഹദ്‌റത്ത് മിർസാ മസ്റൂർ അഹ്‌മദ് ആണ് നിർവഹിച്ചത്. ജമാഅത്തിന്റെ ഇപ്പോഴത്തെ ആഗോള തലവനാണ് ഇദ്ദേഹം. അഹ്‌മദികൾ തങ്ങളുടെ ഖലീഫയെ ലോകത്തിലെ ഏറ്റവും സുപ്രധാന വ്യക്തി എന്ന് മനസ്സിലാക്കുന്നു. കാലത്തിന്റെ ഖലീഫ തങ്ങളെ കാണാൻ വന്നതിൽ ഇവിടുത്തെ അഹ്‌മദികൾ വളരെ സന്തോഷത്തിലാണ്. ഈ പരിപാടിയിൽ വളരെയധികം അമുസ്‌ലിം അതിഥികളും പങ്കെടുത്തിരുന്നു. അവർക്ക് ഭക്ഷണവും നല്കപ്പെട്ടു. അഹ്‌മദിയ്യാ ജമാഅത്ത് ഇതര മതവിഭാഗങ്ങളേയും കാണാൻ തയ്യാറാണ്. മതപരമായ സഹവർത്തിത്വം ഇവർ പ്രോത്സാഹിപ്പിക്കുന്നു. അൽമെറെയിൽ ഏകദേശം 80 അഹ്‌മദികൾ താമസിക്കുന്നു. രാജ്യത്ത് ഏകദേശം 1500 പേരുണ്ട്.

## 2019 ഒക്ടോബർ 03 വ്യാഴാഴ്ച

രാവിലെ 06.45-ന് മസ്ജിദ് ഹാളിൽ ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി. 02.00മണിക്ക് മസ്ജിദ് ഹാളിൽ ള്വുഹ്ർ- അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

**കുടുംബങ്ങളുമായുളള കൂടിക്കാഴ്ച**

വൈകുന്നേരം 06.00 മണിക്ക് ഓഫീസിലെത്തിയ ഹുദൂർ കുടുംബങ്ങളുമായുളള കൂടിക്കാഴ്ചയ്ക്ക് തുടക്കം കുറിച്ചു. ഇന്നത്തെ ഈ പരിപാടിയിൽ 45 കുടുംബങ്ങളിൽനിന്നുള്ള 160 പേർ പങ്കെടുത്തു. എല്ലാ കുടുംബക്കാർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കൊച്ചുകുട്ടികൾക്ക് ചോക്ളേറ്റും ഹുദൂർ നല്കി.

പാരീസി(Paris)ലെ അഞ്ചു ജമാഅത്തുകളിൽ നിന്നു 80 കിലോമീറ്ററും എപേർണെ(Epernay) ജമാഅത്തിൽനിന്നു 100 കിലോമീറ്ററും യാത്ര ചെയ്തു വന്നവരാണ് ഈ കുടുംബങ്ങൾ. ഇവരെല്ലാവരും തങ്ങളുടെ പ്രിയ ഇമാമിനെ ദർശിച്ചു. ഈ അനുഗ്രഹീത നിമിഷങ്ങളിൽ ലഭിച്ച സീമാതീതമായ അനുഗ്രഹാശ്ശിസ്സുകളോടെ ഓരോ കുടുംബവും പുറത്തു വന്നു. രോഗികൾ ഹുദൂറിന്റെ ദുആകൾക്ക് അവകാശികളായി. വിവിധ പ്രശ്നങ്ങളിലും ബുദ്ധിമുട്ടുകളിലും വലഞ്ഞിരുന്നവർ അത് നീങ്ങുന്നതിന് ഹുദൂറിനോട് ദുആക്കപേക്ഷിച്ചു. സംതൃപ്ത ഹൃദയങ്ങളും സുസ്മേരവദനരുമായി അവർ പുറത്തു വന്നു കൊണ്ടിരുന്നു. വിദ്യാർഥികൾ പഠനവിജയത്തിനും പരീക്ഷാവിജയത്തിനുംവേണ്ടി ദുആക്കപേക്ഷിച്ചു. ചുരുക്കത്തിൽ എല്ലാ ഓരോരുത്തരും ഹുദൂറിന്റെ ദുആകളിൽ പങ്കുപറ്റി. സന്തോഷവും മനഃസമാധാനവും അവർക്കു ലഭിച്ചു.

ഒരു ആഫ്രിക്കൻ കുടുംബം ഹുദൂറുമായി കൂടിക്കാഴ്ചക്കുശേഷം പുറത്തു വന്നു. ഇവരിലെ കുടുംബനാഥൻ ഹാഫിള് സലീം ത്വോറെ സാഹിബ് പറയുന്നു:ഇന്ന് ഞാൻ വളരെ സന്തോഷവാനാണ്. പ്രിയ ഇമാമിന്റെ സാമീപ്യം ഞങ്ങൾക്ക് കിട്ടി. ഈ സമയത്തുള്ള എന്റെ ഹൃദയ വികാരം പ്രകടിപ്പിക്കാൻ എന്റെയടുക്കൽ വാക്കുകളില്ല. എന്റെ ഹൃദയം നന്ദിവായ്പിന്റെ വികാരത്താൽ നിർഭരമാണ്. അൽഹംദുലില്ലാഹ് അൽഹംദുലില്ലാഹ് എന്ന് മാത്രമേ പറയാൻ സാധിക്കുന്നുള്ളൂ.

പാക്കിസ്താനിൽനിന്നുവന്ന ഒരു സ്നേഹിതൻ ഇംറാൻ അഹ്‌മദ് സാഹിബ് പറയുന്നു:ഈ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യ നിമിഷങ്ങളാണ്. ഞാൻ എന്നും ദുആ ചെയ്തിരുന്നത് ജീവിത്തിലെപ്പോഴെങ്കിലും പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ചക്ക് അവസരം ലഭിക്കണമെന്നായിരുന്നു. ഇന്ന് എന്റെ പ്രാർഥന സ്വീകരിക്കപ്പെട്ട നിമിഷങ്ങളായിരുന്നു. വളരെ സമീപത്ത് വെച്ച് ഹുദൂറിനെ കാണാൻ എനിക്ക് സാധിച്ചു. ഇതൊരിക്കലും എനിക്ക് മറക്കാൻ കഴിയില്ല.

ഒരു യുവാവ് പറയുന്നു: ഞാൻ വളരെ സന്തോഷവാനാണ്. കൂടുതൽ വിവരിക്കാനുള്ള ശേഷി എനിക്കില്ല. **അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ്** എന്ന് മാത്രമേ പറയാനുള്ളൂ.

ഒരു കുട്ടി ആഹ്ലാദത്തോടെ പറയുന്നു: 'പ്യാരേ ഹുദൂർ എനിക്ക് ചോക്ലേറ്റും പേനയും തന്നു. ഈ പേന കൊണ്ട് ഞാൻ സ്കൂളിലെ കാര്യങ്ങൾ ചെയ്യും. ഇനി ഞാൻ കൂടുതൽ നല്ലവണ്ണം പഠിക്കും.'

ഈ കൂടിക്കാഴ്ചാ പരിപാടി 08.00 മണിവരെ നീണ്ടു. 08.15-ന് ഹുദൂർ മസ്ജിദ് ഹാളിൽ മഗ്‌രിബ് - ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

അഹ്‌മദിയ്യാ ജമാഅത്ത് ഫ്രാൻസിന്റെ 27-ാമത് ജൽസാസാലാന ഒക്ടോബർ 4 വെള്ളിയാഴ്ച യാണ് ആരംഭം കുറിക്കുന്നത്. കെട്ടുറപ്പുള്ള കെട്ടിടങ്ങൾക്കു പുറമെ വിശാലമായ സ്ഥലത്ത് പന്തലുകളും ടെന്റുകളും സ്ഥാപിച്ചുകൊണ്ട് ജൽസാ സാലാനയുടെ സംവിധാനങ്ങൾ ഒരുങ്ങിക്കഴിഞ്ഞു.

പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെയുള്ള സ്ഥലങ്ങളിൽ പന്തലുകൾ ഒരുക്കിയിരുന്നു. പുരുന്മാർക്കുവേണ്ടിയുള്ള പന്തലിന്റെ ഭാഗത്ത് എം.ടി.എ (Muslim Television Ahmdiyya)യുടെ പ്രവർത്തനത്തിന് പ്രത്യേക പന്തലാണ് ഒരുക്കിയിരിക്കുന്നത്. പ്രത്യേക അതിഥികൾക്കുവേണ്ടിയുള്ള സംവിധാനം വെവ്വേറെ പന്തലുകളിൽ ഒരുക്കപ്പെട്ടിരിക്കുന്നു. ഇതു കൂടാതെ, എക്സിബിഷൻ വിഭാഗം, പ്രചാരണ വിഭാഗം, ഹ്യുമാനിറ്റി ഫസ്റ്റ് വിഭാഗം, സുരക്ഷാ വിഭാഗം എന്നിവക്കുവേണ്ടിയും പന്തലുകൾ തയ്യാറാക്കിയിരിക്കുന്നു.

ജൽസാ സാലാന ഓഫീസ്, രജിസ്ട്രേഷൻ, സ്കാനിംഗ് വിഭാഗങ്ങൾക്കുവേണ്ടി ഓഫീസുകളും സ്ഥാപിച്ചു. താമസത്തിനും ഭക്ഷണത്തിനുംവേണ്ടി വെവ്വേറെ പന്തലുകൾ ഒരുക്കിയിരിക്കുന്നു. ബാസാറിനു വേണ്ടിയും സൗകര്യം ചെയ്തിരുന്നു. വാഷ്റൂം സംവിധാനങ്ങളും ഒരുക്കിയിരുന്നു.

ലജ്നകളുടെ ജൽസാഗാഹ് കൂടാതെ ഭക്ഷണത്തിനും സംവിധാനം ഒരുക്കിയിരുന്നു. രജിസ്ട്രേഷൻ വിഭാഗവും ഇതര ഓഫീസുകൾ, പ്രത്യേകം ബാസാറുകൾ എന്നിവയും അവർക്കുവേണ്ടി ഒരുക്കിയിരുന്നു. ബാത്ത്റൂമിന്റെ സംവിധാനവും പാർക്കിംഗ് സംവിധാനവും പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഒരുക്കിയിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്ത്തുൽഅത്വാ മസ്ജിദ് സ്ഥിതി ചെയ്യുന്ന ഈ സ്ഥലത്ത് ജൽസയുടെ എല്ലാ സംവിധാനവും വളരെ എളുപ്പത്തിൽ ഒരുക്കാൻ സാധിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്‌മദിയ്യാ ജമാഅത്ത് ഫ്രാൻസിന് ജൽസക്കുവേണ്ടി വളരെ തുറന്നതും വിശാലവുമായ സ്ഥലം ലഭിച്ചിരിക്കുന്നു. അൽഹംദുലില്ലാഹി അലാ ദാലിക്.

## 2019 ഒക്ടോബർ 4 വെള്ളിയാഴ്ച

06.45-ന് മസ്ജിദ് ഹാളിൽ ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ വിവിധ ഓഫീസ് സംബന്ധമായ പ്രവൃത്തിയിൽ വ്യാപൃതനായി.

**ജൽസാ സാലാന ഫ്രാൻസിന്റെ ഉൽഘാടനം**

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്‌മദിയ്യാ ജമാഅത്ത് ഫ്രാൻസിന്റെ 27-ാമത് ജൽസാസാലാനയുടെ ഉൽഘാടന ദിവസമായിരുന്നു. 02.00 മണിക്ക് ഹുദൂർ അഹ്‌മദിയ്യാ പതാക ഉയർത്തി. ഫ്രാൻസ് അമീർ സാഹിബ് ഫ്രഞ്ച് ദേശീയ പതാകയും ഉയർത്തി. തുടർന്ന് പ്രാർഥനക്ക് ഹുദൂർ നേതൃത്വം നല്കി. എം.ടി.എ ഇന്റർനാഷണലിന്റെ തൽസമയ സംപ്രേഷണം മുമ്പേ ആരംഭിച്ചു കഴിഞ്ഞിരുന്നു. പതാകയുയർത്തലും ലൈവായി സംപ്രേഷണം ചെയ്തിരുന്നു. തുടർന്ന് പുരുഷന്മാരുടെ ജൽസാ ഗാഹിലെത്തിയ ഹുദൂർ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. ഇതോടെ ജൽസക്ക് ആരംഭമായി. ഈ ഖുത്വ്ബ ജുമുഅ 2019 ഒക്ടോബർ 24 ലെ ബദ്ർ ഉർദു പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 02. 55 വരെ ഈ ഖുത്വ്ബ നീണ്ടു. ശേഷം ജുമുഅ നമസ്കാരത്തോടൊപ്പം അസ്വ്ർ നമസ്കാരവും ജംആക്കി നിർവഹിച്ചു.

ഹുദൂർ ഫ്രാൻസ് അമീർ സാഹിബിനോട് സ്റ്റേജിൽ തൂക്കിയിരിക്കുന്ന ബാനറിന്റെ അടിഭാഗത്ത് ദൃഷ്ടി പതിയാതിരിക്കാൻ നമസ്കാര സമയങ്ങളിൽ തുണികൊണ്ട് മറയ്ക്കണമെന്ന് നിർദ്ദേശിച്ചു.

ബാനറിൽ അഹ്‌മദിയ്യാ ജമാഅത്ത് ഫ്രാൻസിന്റെ കഴിഞ്ഞ വർഷത്തെ ചിത്രമാണ് ഉണ്ടായിരുന്നത്. ജമാത്തിന്റെ പുതിയ സെന്റർ ബയ്ത്തുൽഅത്വായുടെ സ്കെച്ച് ചിത്രമാണ് ബാനറിൽ പ്രദർശിപ്പിച്ചിരുന്നത്.

ഇന്നത്തെ ജുമുഅ നമസ്കാരത്തിൽ പങ്കെടുത്തവർ ഏകദേശം 1300 പേരാണ്. വിദേശ രാജ്യങ്ങളിൽനിന്നു നാനൂറിലധികം അതിഥികൾ പങ്കെടുത്തിരുന്നു. ജർമനി, ബ്രിട്ടൺ,ബെൽജിയം സ്പെയിൻ, അൾജീരിയ, ബുർക്കിനാ ഫാസോ (Burkina Faso), കനഡ, ഗാംബിയ(Gambia), ഐവറികോസ്റ്റ്, ഹോളണ്ട്, ഇറ്റലി, മാലി, പാക്കിസ്താൻ, സെനിഗൾ, സ്വിറ്റ്സർലന്റ്, യു.എ.ഇ, യൂ.എസ്.എ എന്നീ രാജ്യങ്ങളിൽനിന്നുമുള്ളവരാണിവർ. തൽസമയം എം.ടി.എ യും ഖുത്വ്ബ ജുമുഅ സംപ്രേഷണം ചെയ്തിരുന്നു.

(ശേഷം പേജ് 11 ൽ)

**അല്ലാഹുവിന്റെ കലാം:**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുളളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

**അല്ലാഹുവിന്റെ കലാം:**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

(പേജ് 7 ൽ നിന്ന്)

ളോടു പറയുമായിരുന്നു. അല്ലാഹുവിന്റെ ഇഷ്ടം കൂടാതെ ഇവർക്ക് നിങ്ങൾക്കൊരു നഷ്ടവും വരുത്താൻ കഴിയുകയില്ലെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. അതുകേൾക്കുമ്പോൾ ഗ്രാമവാസികൾ അദ്ദേഹത്തോടു പറയും: 'നിങ്ങൾ അഹ്മദികളാണ്. നിങ്ങൾ ഇക്കാര്യങ്ങളിൽ വിശ്വസിക്കുന്നവരല്ല. അതുകൊണ്ടാണ് നിങ്ങൾക്കൊരു നഷ്ടവും ഉണ്ടാകാത്തത്. പക്ഷേ, ഞങ്ങൾക്ക് വലിയ പേടിയുണ്ട്.'

1953-ൽ കലാപമുണ്ടായപ്പോൾ അഹ്മദിയ്യത്തിന്റെ ശത്രുക്കൾ പ്രദേശത്ത് ജാഥകൾ നടത്താനും അഹ്മദികളുടെ വീടുകൾക്ക് തീയിടാനും പദ്ധതിയിട്ടു. അടുത്ത് ഗ്രാമത്തിൽനിന്ന് അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ട കുറച്ചാളുകൾ-അവർ ആ ഗ്രാമത്തിൽ സ്വാധീനമുള്ളവരായിരുന്നു പക്ഷേ, അവർ അഹ്മദികളായിരുന്നില്ല-അദ്ദേഹത്തിന്റെ അടുത്തുപോയി. അവർ അദ്ദേഹത്തോടു പറഞ്ഞു: അഹ്മദികൾ അവിടെ കൂടാരങ്ങളിലാണ് താമസിക്കുന്നത്. നാളെ അവിടെ തീയിടാനുള്ള പരിപാടി ഞങ്ങൾക്കുണ്ട്. അതുകൊണ്ട് താങ്കൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. അവിടെനിന്ന് പോകാൻ പറയുക. അല്ലെങ്കിൽ അഹ്മദിയ്യത്തിനെ നിഷേധിക്കാൻ പറയുക. ജാഥകൾ പൊയ്ക്കഴിഞ്ഞാൽ വീണ്ടും ജമാഅത്തിൽ വന്നോട്ടെ! ഇല്ലെങ്കിൽ നല്ല പര്യവസാനമായിരിക്കുകയില്ല.' ഇതുകേട്ട് അദ്ദേഹം പറഞ്ഞു: നിങ്ങൾ പരിഭ്രമിക്കേണ്ട. ഞാൻ വളരെ ചിന്തിച്ചും ആലോചിച്ചുമാണ് അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചിട്ടുള്ളത്. ഞങ്ങൾക്കൊരു നഷ്ടവുമുണ്ടാകുകയില്ല. അഹ്മദിയ്യത്തിനുവേണ്ടി ഞങ്ങൾക്ക് ബലിയാകാൻ കഴിയും. എന്നാൽ, ഒരു മിനുട്ട് നേരത്തേക്കുപോലും ഞങ്ങൾ ഞങ്ങളുടെ ഈമാനിൽനിന്ന് പിന്നാക്കം പോകില്ല! എന്തായാലും നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ലെങ്കിൽ ചെയ്യേണ്ട. ഞങ്ങൾ അല്ലാഹുവിലാണ് സർവവും സമർപ്പിക്കുന്നത്.' പക്ഷേ, അവസാനം അല്ലാഹു എന്ത് ഏർപാടാണ് ചെയ്തതെന്നാൽ ജാഥ കുറച്ചുമുന്നോട്ടുവന്നാപ്പോൾ ചിതറിപ്പോയി. അഹ്മദികളുടെ കൂടാരങ്ങൾവരെ എത്താനുള്ള ധൈര്യം അവർക്കുണ്ടായില്ല.

സന്തപ്തകുടുംബത്തിൽ രണ്ടു പെൺമക്കളും അഞ്ചു ആൺമക്കളുമുണ്ട്. ഒരു മകൻ അഫ്ളൽ ഭട്ടി സാഹിബ് ടാൻസാനിയായിൽ മുറബ്ബിയാണ്. അവിടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. കർമരംഗത്തായ കാരണത്താൽ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. ജനാസയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന മക്കൾക്ക് സഹനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത് അനുസ്മരണം ചൗദരി അല്ലാഹ് രഘാ മൽഹീ സാഹിബ് ദാറുന്നസ്ർ പശ്ചിമ റബ്വയുടെ മകൻ ഹമീദുല്ലാഹ് ഖാദിം മൽഹീയുടേതാണ്. 82-ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ചൗദരി അല്ലാഹ് ബഖ്ശ് ഭട്ട്ലർ സാഹിബിന്റെ ദൗഹിത്രനും മുറബ്ബി നുസ്റുല്ലാഹ് മൽഹീ സാഹിബ് ശഹീ ദിന്റെ പിതാവുമാണ്. പരേതൻ നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്നയാളും സാധാര ണ പ്രകൃതനും മാന്യനും സാധുക്കളെ സഹായിക്കുന്നയാളും ആത്മാർഥനും അനുസാരിയുമായ അഹ്മദിയായിരുന്നു. ഉദ്യോഗം വഹിച്ചിരുന്ന കാലത്ത് വലിയ ധൈര്യത്തോടെ എതിർപുകളെയല്ലാം നേരിട്ടു. ഇദ്ദേഹത്തിന്റെ ഒരു മകൻ വാഖ്ഫെ സിന്ദഗിയാണ്. റബ്വയിലെ ത്വാഹിർ ഹാർട്ട് ആശുപത്രിയിൽ ജോലി ചെയ്യുന്നു. അല്ലാഹു മഗ്ഫിറത്തോടും കരുണയോടും കൂടി അദ്ദേഹത്തോടു പെരുമാറട്ടെ.

അടുത്ത അനുസ്മരണം പിശാവറിലെ മുഹമ്മദ് അലി ഖാൻ സാഹിബിന്റേതാണ്, ഇദ്ദേഹം ശരീഫുല്ലാഹ് ഖാൻ സാഹിബിന്റെ മകനാണ്. 89-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* ദൈവകൃപയാൽ എട്ടിലൊന്ന് ചന്ദ കൊടുക്കുന്ന മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു പെൺമക്കളും ഏഴ് ആൺമക്കളുമുണ്ട്. ഇദ്ദേഹത്തിന്റെ ഒരു മകൾ സലീമ സാഹിബ- ഇവർ ഇവിടെ ഇസ്ലാമാബാദിൽ താമസിക്കുന്ന ബുർഹാൻ സാഹിബിന്റെ ഭാര്യയാണ്, എഴുതുന്നു: 'ആദ്യം ഇദ്ദേഹത്തിന്റെ കുടുംബം ലാഹോരികളായിരുന്നു. 1954-ൽ ഇദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കൈയിൽ ബയ്അത്തുചെയ്തു. മരണംവരെ ഖിലാഫത്തിനോടും ജമാഅത്തിനോടും ബന്ധപ്പെട്ടിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് മതപരമായ അഭിമാനത്തിന്റേയും ജമാഅത്തുമായിട്ടുള്ള അഗാധമായ ബന്ധത്തിന്റേയും ദൃശ്യങ്ങൾ കാഴ്ചവെച്ചു. എന്തായാലും പിന്നീട് ഇദ്ദേഹത്തിന് ജമാഅത്തിന് സേവനം ചെയ്യാനുള്ള തൗഫീഖും ലഭിച്ചു. ഖുദ്ദാമുൽഅഹ്മദിയ്യാ ജില്ല ഖാഇദായും പ്രവർത്തിച്ചു. സെക്രട്ടറി വസായാ, സെക്രട്ടറി തഅ്ലീമുൽ ഖുർആൻ എന്നീ നിലകളിലും സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിക്കുമായിരുന്നു. വിശുദ്ധ ഖുർആനോടു അദമ്യമായ സ്നേഹമായിരുന്നു. എപ്പോഴും അദ്ദേഹം വിശുദ്ധ ഖുർആൻ തിലാവത്ത് ചെയ്യുന്നത് കണ്ടിട്ടുണ്ട്. വിശുദ്ധ ഖുർആനിന്റെ ധാരാളം ഭാഗങ്ങൾ അദ്ദേഹത്തിന് ഹൃദിസ്തമായിരുന്നു. ദുആ ചെയ്യുന്നയാളും സൽപ്രകൃതനും അതിഥിസൽക്കാരപ്രിയനും സത്യസന്ധനും നിഷ്ക്കളങ്കനുമായിരുന്നു. സ്വലാത്ത് ധാരാളം ചൊല്ലുമായിരുന്നു. ആളുകളെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ അനഹ്മദി ബന്ധുക്കൾ ഇദ്ദേഹത്തോടു പറഞ്ഞു: 'താങ്കൾ അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയാണെങ്കിൽ ഞങ്ങൾ അങ്ങയുടെ കാൽച്ചുവട്ടിൽ ബലിയാകാൻ തയ്യാറാണ്.' മകൾ സലീമ സാഹിബ പറയുന്നു: എന്റെ പിതാവ് അവർക്ക് മറുപടി നല്കി, 'എനിക്ക് നിങ്ങളുടെ ബലിയുടെ ആവശ്യമെന്താണ്? ഞാൻ സ്വയം ബലിയായിക്കഴിഞ്ഞിരിക്കുകയാണ്. ഇനി ഞാൻ പറയുന്നത് കേൾക്കുക, 'വരേണ്ടയാൾ വന്നു കഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ ജീവിതം സുവർണമാക്കിത്തീർക്കുക.' പക്ഷേ, അവർ ഒട്ടും ശ്രദ്ധിക്കാൻ തയ്യാറായില്ല. പതുക്കെപ്പതുക്കെ ആ എല്ലാ ബന്ധുക്കളും വിട്ടുപോയി. പക്ഷേ, ഇദ്ദേഹത്തിന്റെ ജമാഅത്തുമായുള്ള ബന്ധം ഓരോ ദിവസവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.' അല്ലാഹു മഗ്ഫിറത്തോടും കരുണയോടുംകൂടി ഇദ്ദേഹത്തോടു പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.


അടുത്ത ജനാസ മെരിലാന്റിലെ(അമേരിക്ക)സാഹിബ് സാദ മഹ്ദീ ലത്വീഫ് സാഹിബിന്റേതാണ്. 87-ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. സാഹിബ്സാദ മഹ്ദീ ലത്വീഫ് സാഹിബ്, ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്വീഫ് സാഹിബ് ശഹീദ്(റ)ന്റെ പൗത്രനായിരുന്നു. സാഹിബ് സാദ മുഹമ്മദ് ത്വയ്യിബ് ലത്വീഫ് സാഹിബ് മർഹൂമിന്റെ മകനായിരുന്നു.

സാഹിബ് സാദ മഹ്ദീ ലത്വീഫ് സാഹിബ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വിപുലമായി പാരായണം ചെയ്തിരുന്നു. അഞ്ചുനേര നമസ്കാരവും തഹജ്ജുദ് നമസ്കാരവും പതിവായി അനുഷ്ഠിക്കുമായിരുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുരക്തനായിരുന്നു. വിനയാനതനും സൗമ്യപ്രകൃതത്തിന്റേയും ഉടമയുമായിരുന്നു. തബ്ലീഗിനോടു വളരെ പ്രതിപത്തിയായിരുന്നു. മറ്റുള്ളവരേയും തബ്ലീഗ് ചെയ്യാൻ ഉപദേശിക്കുമായിരുന്നു. അല്ലാഹു മഗ്ഫിറത്തോടും കരുണയോടുംകൂടി അദ്ദേഹത്തോടു പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം ഫയ്ളാൻ അഹ്മദ് സമീർ ബിൻ ശഹ്സാദ് അക്ബർ സാഹിബിന്റേതാണ്. ശഹ്സാദ് അക്ബർ സാഹിബ് റബ്വയിലെ നമ്മുടെ പ്രൈവറ്റ് സെക്രട്ടറി ഓഫീസിലെ ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ മകനാണ് ഫയ്ളാൻ അഹ്മദ് സമീർ സാഹിബ്. കോവിഡ് ബാധിതനായി 16-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ബുദ്ധിമാനും കുറച്ചുമാത്രം സാസാരിക്കുന്ന പ്രകൃതനും നിഷ്കളങ്കനും സൽപ്രകൃതിയുമുള്ള കുട്ടിയായിരുന്നു. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. തന്റെ പഠിത്തകാര്യത്തിൽ ശ്രദ്ധാലുവും അത്യാവശ്യമല്ലാത്ത കാര്യങ്ങളിൽ എന്നല്ല കളികളിലും വളരെ കുറച്ചേ പങ്കെടുക്കുമായിരുന്നുള്ളൂ. വളരെ ശാന്തമായ പ്രകൃതമായിരുന്നു. സ്കൂൾ കഴിഞ്ഞാൽ അധികസമയവും വീട്ടിൽത്തന്നെയായിരുന്നു. ഈ മകന്റെ മാതാമഹൻ ഖാജ അബ്ദുശ്ശക്കൂർ സാഹിബും ദീർഘകാലമായി ജമാഅത്തിന് സേവനം ചെയ്തുവരുന്നയാളാണ്. അല്ലാഹു പരേതന്റെ മാതാപിതാക്കൾക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു മഗ്ഫിറത്തോടും കരുണയോടുംകൂടി ഈ മകനോടു പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

വിവർത്തനം: പി.കെ.അംനാസ്

...☆...☆☆...☆...



(പേജ് 9 ൽ നിന്ന്)

08.00 മണിക്ക് ജൽസാ ഗാഹിലെത്തിയ ഹുദൂർ മഗ്‌രിബ്-ഇശാഅ് നമസ്കാരം ജംആക്കി നമസ്ക രിപ്പിച്ചു.

## 2019 ഒക്ടോബർ 5 ശനിയാഴ്ച

06.45-ന് ഹുദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസ സ്ഥലത്തെത്തിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ തിരക്കിലായിരുന്നു.

**ജൽസാ സാലാന ഫ്രാൻസ്, വനിത സെഷൻ ഹുദൂറിനോടൊപ്പം**

12.00 മണിക്ക് ഹുദൂർ വനിതാ ജൽസാ ഗാഹിലെത്തി. സ്വദ്ർ ലജ്ന ഇമാഇല്ലാഹ് ഫ്രാൻസും നാളിമാ അഅ്‌ലായുമായ ഫർഹത്ത് ഫഹീം സാഹിബ തന്റെ ഡെപ്യൂട്ടി നാളിമാത്തിനോടൊപ്പം ഹുദൂറി നെ വരവേറ്റു; ഹുദൂറിനെ സ്വാഗതം ചെയ്തു.

അസീസ അൻഅം കാഹ്ലോണിന്റെ വിശുദ്ധ ഖുർആർ പാരായണത്തോടെ യോഗം ആരംഭിച്ചു. അസീസ ഹാജറ ഹാദി തർജമ കേൾപ്പിച്ചു. അസീസ ആഇശ സൻദസ് ഹദ്റത്ത് മസീഹ് മൗഊദ് (അ) രചിച്ച,

**ഇക് ന ഇക് ദിൻ പേശ് ഹോഗാ തൂ ഫനാ കെ സാമ്നേ**
**ചൽ നഹീം സക്തീ കിസീ കീ കുച്ച് ഖളാ കെ സാമ്നേ**

എന്ന നസം മനോഹരമായ ശബ്ദത്തിൽ ആലപിച്ചു. (ഏതെങ്കിലും ഒരു ദിവസം നീ മരണത്തിന്റെ മുമ്പിൽ സമർപ്പിക്കപ്പെടും. അന്ന് ആരുടേയും ഒന്നും വിധിയുടെ മുന്നിൽ വിലപ്പോകില്ല)

തുടർന്ന് വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം നേടിയ 41 വിദ്യാർഥിനികൾക്ക് ഹുദൂർ അവാർഡുകൾ സമ്മാനിച്ചു. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1.ഇഖ്റാ ഖലീൽ, ബീ ടെക്(BTEC) നാഷണൽ ഡിപ്ലോമ. 2. മഹ്ജബീൻ അള്ഹർ, ബീ ടെക് നാഷണൽ ഡിപ്ലോമ. 3. സായിറാ കൻവൽ ദാവൂദ്, ബീ ടെക് നാഷണൽ ഡിപ്ലോമ. 4. ഖമർ ളിയാ, ബീ ടെക് നാഷണൽ ഡിപ്ലോമ. 5. ദുർറെ ഥമീൻ ത്വൂബാ വസീം, ബീ ടെക് നാഷണൽ ഡിപ്ലോമ. 6. ത്വൂബാ ത്വാഹിർ, ബീ ടെക് നാഷണൽ ഡിപ്ലോമ. 7. അനീസാ അസീം(Aneeza Asim, മാസ്റ്റേഴ് ഇൻ സയൻസ്. 8. ഇനെസ് റേസിഗ്(Ines Rezig) ഏ ലെവൽ. 9. ആമിന ചെട്ടിഹ് (Amina Chettih) ഏ ലെവൽ. 10. ഇമാനെ ഹഡ്ഡിയോയി(Imane Haddoul) ഏ ലെവൽ. 11. നുഗസ്സ് തുൽ സഹ്റ(Nughz Tul Zahra)ബീ എ ടെക്സ്റ്റൈൽ ഡിസൈനിംഗ്. 12. ദനൂബിയ ആമിർ. ബി. എ ഇൻ സയൻസ് (Digital-and Creative Media).13. ഇനെസ് ഡൂബോറി(Ines Doobory) ബി.എ മോഡേൺ ലിറ്ററേച്ചർ. 14. ഫൗസിയാ ചൗദരി, മാസ്റ്റേഴ്സ് ഇൻ ഹോമിയോപ്പതി. 15. ആസ്വിഫാ ഖാൻ, മാസ്റ്റേഴ്സ് ഇൻ സയൻസ് ഓഫ് മെഡിക്കേഷൻ.16. സഅ്ദിയ ള്വഫ്ർ, മാസ്റ്റേഴ്സ് ഇൻ സൈക്കോളജി. 17. അത്വിയ്യാ കൗഥർ മാസ്റ്റേഴ്സ് ഇൻ ഹിസ്റ്ററി. 18. രിള്‌വാന ഇഅ്ജാസ്, മാസ്റ്റേഴ്സ് ഇൻ മാത്തമെറ്റിക്സ്. 19. മുബശ്ശിറ സ്വദഫ്, മാസ്റ്റേഴ്സ് ഇൻ ഉർദു. 20. ശഫീഖ ഇശ്തിയാഖ് (Master in Foreigner Languages International Relation and Comparisons). 21. അദ്കാ ഗുലാം, മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ്. 22. ഖുദ്സിയ്യ ആലം, മാസ്റ്റേഴ്സ് ഇൻ എജ്യൂക്കേഷൻ. 23. ആസ്വിമാ നസ്വീർ, മാസ്റ്റേഴ്സ് ഇൻ എജ്യൂക്കേഷൻ. 24. ബുശ്റാ സലാം, മാസ്റ്റേഴ്സ് ഇൻ ഫിസിക്സ്. 25. ഥനാ സുഹയ്ൽ, മാസ്റ്റേഴ്സ് ഇൻ സൈക്കോളജി. 26. മർയം നാസ്വിർ, മാസ്റ്റേഴ്സ് ഇൻ ഇലക്ട്രിക്കൽ എൻജിനീയറിംഗ്, 27. ഹിബത്തുന്നൂർ മർയം, മാസ്റ്റേഴ്സ് ഇൻ മെറ്റീരിയൽ സയൻസസ്. 28. മഹോശ് ഹഫീള്, മാസ്റ്റേഴ്സ് ഇൻ എജ്യൂക്കേഷൻ. 29. മഹ്ജബീൻ ഹഫീള്, മാസ്റ്റേഴ്സ് ഇൻ പ്രൈവറ്റ് ലോ. 30. ദുറയ്യാ മലിക്(Duriah Mlik, Diploma of Architect of Interior/Enviromental Designer). 31. നിദാ നസ്വീർ മാസ്റ്റേഴ്സ് ഇൻ എജ്യൂക്കേഷൻ. 32. ജുവയ്രിയ്യാ ഖാൻ, മാസ്റ്റേഴ്സ് ഇൻ അക്കൗണ്ടൻസി, കൺട്രോൾ & ഓഡിറ്റ്. 33. നിദാ നാസ്വിർ, മാസ്റ്റേഴ്സ് ഇൻ ഇംഗ്ലീഷ്. 34. മൈമൂന ഖാൻ, മാസ്റ്റേഴ്സ് ഇൻ ബയോളജി. 35. മദീഹാ ചൗദരി, പി.എച്ച് ഡി ജനറൽ മെഡിസിൻ. 36. സ്വനൂബർ ഖാൻ, പി.എച്ച്.ഡി ജനറൽ മെഡിസിൻ 37. മാമൂദെ ഹൊസ്സൻ കരീന(Mamode Hossen Karina) മാസ്റ്റേഴ്സ് ഇൻ ടൂറിസം. 38. റാബിഅ ബിൻത് ഉവയ്സ്, ഏ ലെവൽ സയൻസ്. 39. നാദിയ്യാ അഞ്ചും, ഏ ലെവൽ 40. ഹാനിയാ അഫ്ളൽ, മാസ്റ്റേഴ്സ് ഇൻ എജ്യൂക്കേഷണൽ സയൻസ്. 41. ബാസിമ ചൗദരി, മാസ്റ്റേഴ്സ്.

അവാർഡ് ദാനത്തിനുശേഷം ഒരു മണിക്ക് ഹുദൂർ വനിതകളെ അഭിസംബോധന ചെയ്തു. (*ബദ്ർ ഉർദു 5-12 ഡിസംബർ 2019)*

**2019 ഒക്ടോബർ 5 ശനിയാഴ്ച**
**വനിതകളോടുള്ള ഹുദൂറിന്റെ പ്രഭാഷണം**

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയതിന്നുശേഷം ഹുദൂർ പ്രഭാഷണം ആരംഭിച്ചു.

'ഇക്കാലത്ത് ജനങ്ങൾ അതിശീഘ്രം തങ്ങളുടെ ദൈവത്തിൽനിന്നു അകന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. വളരെ വലിയൊരു ജനവിഭാഗം മതത്തിൽനിന്നു മാത്രമല്ല അകലുന്നത് മറിച്ച്, ദൈവത്തിനേയും നിരാകരിക്കുകയാണ്. ലൗകിക സൗകര്യങ്ങളാണ് എല്ലാമെന്ന് മനസ്സിലാക്കുന്ന സാഹചര്യത്തിലാണ് അവർ താമസിക്കുന്നത്. നമ്മളിൽനിന്നുള്ള ചിലരും ഈ സാഹചര്യത്തിന്റെ സ്വാധീനവലയത്തിൽ വീണു പോകുന്നുണ്ട്. ഇതിൽ വലിയവരും കുട്ടികളും യുവാക്കളും എല്ലാം ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ സ്വന്തം അവസ്ഥകളിലേക്ക് ശ്രദ്ധിക്കേണ്ടത് നമ്മളോ രോരുത്തരുടേയും വലിയ ഉത്തരവാദിത്വമാണ്. നമ്മൾ നമ്മളെത്തന്നെയും നമ്മുടെ മക്കളേയും ഈ സാഹചര്യത്തിന്റെ ദുസ്വാധീനത്തിൽനിന്നു രക്ഷപെടുത്തേണ്ടതാണ്. ഒരു പ്രത്യേക ശ്രമത്തിലൂടെ നമ്മൾനമ്മെ ദൈവത്തോട് അടുപ്പിക്കുന്നതിനോടൊപ്പം മക്കളേയും അതിനുവേണ്ടി പ്രാപ്തരാക്കേണ്ടതാണ്. ലൗകികതയുടെ ചേറുകളിൽ നിന്നു നമ്മളെത്തന്നെയും നമ്മുടെ മക്കളേയും രക്ഷപെടുത്തേണ്ടതാണ്. കുട്ടികളുടെ മുമ്പിൽ മാതൃകകൾ കാണിക്കണം. കുട്ടികളെ മതത്തിലേക്ക് നയിക്കുന്ന മാർഗങ്ങളിലേക്ക് വഴി നടത്തുന്ന മാതൃകകൾ വലിയവർ കാണിച്ചുകൊടുക്കേണ്ടതാണ്. ദൈവത്തിന്റെ സാമീപ്യം നല്കുന്ന മാർഗങ്ങളാകണം അത്. ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വാസവും ദൃഢതയും സ്യഷ്ടിക്കുന്ന മാർഗങ്ങളായിരിക്കണം അത്. അല്ലാഹുവിന്റെ സ്നേഹം സ്വരുക്കൂട്ടി ഇഹലോകവും പരലോകവും നന്നാക്കി തീർക്കുന്ന മാർഗങ്ങളാകണം അത്.

നമ്മൾ നമ്മുടെ മാതൃകകൾ സ്ഥാപിക്കുകയും ഈ ലൗകിക ലോകത്തിന്റെ മിന്നിത്തിളക്കത്തിൽ വളരെ ശ്രദ്ധയോടെ ജീവിതം നയിക്കുകയും ചെയ്യുക എന്നതാണ് പുരുഷന്മാരുടെ ഉത്തരവാദിത്വം. മറുഭാഗത്ത്, കുട്ടികളുടെ പരിഷ്കരണത്തിന്റെ ഉത്തരവാദിത്വം അല്ലാഹുവും റസൂലും സ്ത്രീകളുടെ മേലും ഇട്ടിട്ടുണ്ട്. നമ്മുടെ സ്ത്രീകൾ ദൈവത്തെ സ്നേഹിക്കുന്നവരും ഹൃദയത്തിൽ ദൈവത്തെ ഭയപ്പെടുന്നവരുമാണെങ്കിൽ, അവർ ഇതേ അന്തരീക്ഷത്തിൽ വളരെ കഠിന പ്രയത്നത്തിലൂടെ സ്വന്തം തലമുറകളെ സംരക്ഷിക്കേണ്ടതുമുണ്ട്. വളരെയധികം മാതാക്കൾ വഖ്ഫെ നൗ പദ്ധതിയിൽ തങ്ങളുടെ മക്കളെ സമർപ്പിക്കുന്നു. തുടർന്ന് അവരുടെ തർബിയ്യത്തും ഇവരുടെ ഉത്തരവാദിത്വമാണ്. എന്നാൽ, എല്ലാ മക്കളുടേയും ശിക്ഷണത്തിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും വഖ്ഫെ നൗ കുട്ടികളേയും ഇതര കുട്ടികളേയും ഇക്കാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുകയും ചെയ്താൽ ഏതെങ്കിലും കുട്ടികളുടെ ശിക്ഷണത്തെ അത് ബാധിക്കുന്നതായിരിക്കും. ഒന്നുകിൽ വഖ്ഫെ നൗ കുട്ടിയുടെ ശിക്ഷണം ശരിയാകുകയില്ല, അല്ലെങ്കിൽ മറ്റു കുട്ടികളുടെ ശിക്ഷണം ശരിയാകുകയില്ല. അതുകൊണ്ട് കേവലം വഖ്ഫെ നൗഇനേയോ മറ്റു കുട്ടികളേയോ അല്ലെങ്കിൽ പെൺകുട്ടികളെ മാത്രമോ ശിക്ഷണ കാര്യത്തിൽ ശ്രദ്ധിച്ചാൽ പോരാ. ചില മാതാക്കൾ ആൺകുട്ടികളെ മാത്രമേ കൂടുതൽ ശ്രദ്ധിക്കുന്നുള്ളു. അല്ലെങ്കിൽ ആൺകുട്ടികളെ കൂടുതൽ കൊഞ്ചിക്കുന്നു. പെൺകുട്ടികളോടു കൂടുതൽ കാർക്കശ്യത്തോടെ പെരുമാറുകയും ചെയ്യുന്നു. ശിക്ഷണ കാര്യത്തിൽ ഈ വൈരുധ്യം നിലനിന്നാൽ അല്ലെങ്കിൽ എന്തെങ്കിലും വിവേചനം നിലനിറുത്തിയാൽ ഏതെങ്കിലും കുട്ടി വഴികേടിലേക്ക് പോകാനിടയുണ്ട്.

ഈ സാഹചര്യത്തിൽ ശിക്ഷണം വലിയ പ്രതികരണം സ്യഷ്ടിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് വളരെ ആലോചിച്ചും ചിന്തിച്ചും ശിക്ഷണത്തിന്റെ ഓരോ കാൽവെയ്പും എടുക്കേണ്ടതുണ്ട്. പുരുഷന്മാർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ശരിയായ രൂപത്തിൽ സംരക്ഷിക്കാതിരുന്നാൽ അവരുടെ പ്രവൃത്തികൾ കുട്ടികളുടെ മേലും- പ്രത്യേകിച്ചും ആൺകുട്ടികളുടെമേൽ മോശമായ സ്വാധീനം ഇടുകയാണ് ചെയ്യുക. അതുകൊണ്ട് പുരുഷന്മാർമക്കും കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക. സ്വന്തം ഭർത്താക്കന്മാരേയും ശ്രദ്ധിക്കുക.

വീട്ടിലെ കാര്യങ്ങൾ നോക്കുന്നതിൽ ഉദാത്തമായ മാതൃകകൾ സ്ത്രീകൾ സ്യഷ്ടിക്കേണ്ട ആവശ്യമുണ്ട്. നിങ്ങൾക്ക് തന്റെ സ്വഹാബിമാരിൽ ഉത്തമ മാതൃകയുണ്ടെന്ന് നബി(സ)തിരുമേനി നമ്മളോട് പറഞ്ഞിരിക്കുന്നു. അവരിൽ പുരുഷന്മാരും സ്ത്രീകളും ഉത്തമ മാതൃകയായിരുന്നു. കേവലം പുരുഷന്മാർ ഉത്തമ മാതൃകയാണെന്ന് മാത്രമല്ല, പ്രത്യുത നബി(സ)തിരുമേനിയുടെ കൈയിൽ അനുസരണ പ്രതിജ്ഞ ചെയ്യാൻ സൗഭാഗ്യം ലഭിച്ച സ്ത്രീകളും ഉത്തമ മാതൃകയാണ് കാഴ്ചവെച്ചത്. അവരും സ്വന്തം മാതൃകകൾ സ്ഥാപിക്കുകയും പരിശുദ്ധ മാതൃകകളുണ്ടാക്കുകയും ചെയ്തു. അവർ സ്വന്തം ആരാധനകളെ മറ്റുള്ളവർക്ക് അനുകരിക്കാൻ പറ്റുംവിധമുള്ള മാതൃകകളാക്കി. രാത്രികൾ ഇബാദത്തുകളിൽ കഴിച്ചു കൂട്ടുകയും, പകൽ വ്രതാനുഷ്ഠാനം നിർവഹിക്കുകയും ചെയ്ത ഉദാഹരണങ്ങൾ അവരെ സംബന്ധിച്ച് ധാരാളമുണ്ട്. തുടർന്ന് അവരുടെ ഭർത്താക്കന്മാർക്ക് നബി(സ)തിരുമേനിയോട് ഇവരെക്കുറിച്ച് പരാതി പറയേണ്ടിയും വന്നിരുന്നു. സ്വന്തം ഭാര്യ രാത്രി മുഴുവൻ ആരാധനയിൽ മുഴുകുന്നെന്നും സ്വന്തം ഉത്തരവാദിത്വങ്ങളും അവകാശങ്ങളും നിർവഹിക്കുന്നില്ലെന്നും പരാതി പറഞ്ഞപ്പോൾ മധ്യനില പുലർത്താൻ ആ സ്ത്രീരത്നങ്ങൾക്ക് നബി(സ)തിരുമേനിക്ക് മനസ്സിലാക്കി കൊടുക്കേണ്ടി വന്നു. വീട്ടിലെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ സാധിക്കാത്ത വിധത്തിൽ കൂടുതൽ ആരാധനാകർമങ്ങളിൽ മുഴുകാൻ പാടില്ല. ദീനിനെ കുറിച്ച് ഒന്നും അറിയാത്ത വിധം ലൗകികതയിലേക്ക് ചായാനും പാടില്ല. മധ്യമനിലയിലുള്ള വഴി സ്വീകരിക്കാൻ നബി(സ)തിരുമേനി അവരോടു പറഞ്ഞു. പരാതി ഉണ്ടായിട്ടുണ്ടെങ്കിൽതന്നെ നമ്മുടെ സ്ത്രീകളുടെ ഇബാദത്തുകളെ കുറിച്ചായിരുന്നു അത്. ആ സാഹചര്യം ജനങ്ങളുടെ അവസ്ഥതന്നെ മാറ്റിമറിച്ചിരുന്നു.

സ്തീകൾക്കും പുരുഷന്മാരെ കുറിച്ച് എന്തെങ്കിലും പരാതിയുണ്ടായിരുന്നെങ്കിൽ ഇതു തന്നെയായിരുന്നു. പകൽ മുഴുവനും വ്രതമെടുക്കുകയും രാത്രികളിൽ പ്രാർഥനകളിൽമുഴുകുകയും സ്വന്തംകാര്യത്തെ കുറിച്ചുപോലും ഒരു ചിന്തയുമില്ലാതിരിക്കുകയും അഴുക്കുള്ള വസ്ത്രങ്ങൾ ധരിക്കുകയും വസ്ത്രങ്ങളെ കുറിച്ചോ, മുടിയെ കുറിച്ചോ സമകാലീന പ്രശ്നങ്ങളെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 12 August 2021 Issue-32

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

കുറിച്ചോ ശ്രദ്ധ ഇല്ലാതിരിക്കുകയും ചെയ്യുന്നതു കണ്ട പ്പോൾ നബി(സ)തിരുമേനിയുടെ ഒരു പ്രിയപത്നി ആ സ്വഹാബിയായുടെ അടുക്കലെത്തി ഇങ്ങനെ അശ്ര ദ്ധയായി ജീവിക്കുന്നതിന്റെ കാരണം അന്വേഷിച്ചു. അവർ പറഞ്ഞു: ഞാൻ നന്നായി ഇരിക്കുന്നതിലും എന്റെ രൂപം ശരിപ്പെടുത്തുന്നതിലും എന്ത് പ്രയോ ജനം? ഞാനാർക്കുവേണ്ടി അതു ചെയ്യണമെന്നും ആ സ്ത്രീ ചോദിച്ചു. തന്റെ ഭർത്താവ് രാത്രി മുഴു വനും ആരാധനയിൽ മുഴുകുന്നെന്നും പകൽ വ്രതാ നുഷ്ഠാനത്തിലാണെന്നും തന്നിലേക്ക് ഒട്ടും ശ്രദ്ധ യില്ലെന്നും തുടർന്ന് അവർ പറഞ്ഞു.' ഈ വിവരം നബിപത്നി നബി(സ)തിരുമേനിയെ അറിയിച്ചു. ഇന്ന വ്യക്തിയുടെ ഭാര്യയുടെ അവസ്ഥ ഇതാണെന്നും അവരുടെ ഭർത്താവ് ഒട്ടും ശ്രദ്ധിക്കുന്നില്ലെന്നും ആരാധനകളിലും വ്രതങ്ങളിലും മാത്രം മുഴുകുന്നെന്നും മറ്റും അറിയിച്ചു. നബി(സ) തിരുമേനി പ്രസ്തുത വ്യക്തിയോട് പറഞ്ഞു: 'നിങ്ങളുടെ ഭാര്യക്കും നിങ്ങ ളുടെ മേൽ അവകാശമുണ്ട്. ഞാൻ നിങ്ങളേക്കാൾ കൂടുതൽ അല്ലാഹുവിനോടു അടുത്തയാളാണ്. വ്രതം എടുക്കുകയും തുറക്കുകയും ചെയ്യുന്നു. കുട്ടികളോടു ള്ള കടമകളും നിറവേറ്റുന്നു. ഭാര്യമാരോടുള്ള കടമകളും നിറവേറ്റുന്നു. സമൂഹത്തിനോടുള്ള കടമകളും നിറ വേറ്റുന്നു. അതുകൊണ്ട് സ്വന്തം ഭാര്യയോടും മക്കളോടു മുള്ള കടമകൾ നിറവേറ്റുക.'

കുറച്ചു നാളുകൾക്കുശേഷം അലക്ഷ്യയായി നടന്ന അതേ സ്ത്രീസ്വഹാബി നബിപത്നിയുടെ അടുത്തു വന്നു. ഇപ്പോൾ അവർ ആകെ മാറിയാണ് വന്നത്. നല്ല വസ്ത്രം ധരിച്ചിരുന്നു. സുഗന്ധം പൂശിയിരുന്നു. നബിപത്നി കാര്യം അന്വേഷിച്ചു. ഇന്ന് നിങ്ങൾ വളരെ ഒരുങ്ങിയാണല്ലോ വന്നതെന്നും നല്ല വസ്ത്രമാണല്ലോ ധരിച്ചിട്ടുള്ളതെന്നും സുഗന്ധവും പൂശിയിട്ടുണ്ടല്ലോ എന്നും പറഞ്ഞ് കാര്യം ചോദിച്ചു. അപ്പോൾ സഹാബിയ ഇങ്ങനെ പ്രതിവചിച്ചു: 'നബി(സ)തിരുമേനി പറഞ്ഞതി ന്നുശേഷം എന്റെ ഭർത്താവ് എന്നെ നന്നായി നോ ക്കുന്നുണ്ട്.'

അതിനാൽ സ്വന്തം ജീവിതലക്ഷ്യം പൂർത്തിയാക്കാനും സ്വന്തം തലമുറകൾ നശിച്ചു പോകുന്നതിൽ നിന്നു രക്ഷപെടാനും അവരെ ദൈവവുമായി അടുപ്പിക്കാനും നാം സ്വന്തം ആരാധനകളിലേക്ക് ശ്രദ്ധിക്കേണ്ടത് വളരെ അനിവാര്യമാണ്. സ്വന്തം സ്വഭാവങ്ങളിലേക്ക് ശ്രദ്ധ പുലർത്തേണ്ടതുണ്ട്. പരസ്പരം പരിശുദ്ധ മാതൃകകൾ സ്ഥാപിക്കേണ്ടതുണ്ട്. ഞാൻ ഇന്നലത്തെ പ്രഭാഷണത്തിൽ പറഞ്ഞപോലെ പുരുഷന്മാർ മസ്ജി ദുകളിൽ പോകണമെന്നുള്ള കൽപനയിലേക്ക് ശ്രദ്ധി ക്കുക. അഞ്ചു നേര നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിക്കുക. എന്നാൽ, സ്ത്രീകൾക്ക് വീടുകളിൽ തന്നെ നമസ്കരിക്കാൻ അനുവാദമുണ്ട്. പ്രതിഫ ലമാകട്ടെ പുരുഷന്മാർക്ക് തുല്യവും; അതായത് മസ്ജി ദിൽപോയി നമസ്കരിക്കുന്നതിന്റെ അതേ പ്രതിഫ ലം. അതുകൊണ്ട് ഈ സൗകര്യത്തെ ഉപയോഗപ്പെ ടുത്തുന്നില്ലെങ്കിൽ പിന്നെ അതു വളരെ വലിയ ദൗർഭാഗ്യമല്ലെങ്കിൽ മറ്റെന്താണ്?

കാലത്തിന്റെ ഇമാമിനെ അംഗീകരിച്ച ഒരു അഹ് മദി സ്ത്രീ കുഴപ്പങ്ങൾ നിറഞ്ഞ ഇന്നത്തെ അവസ്ഥ യിൽനിന്നു രക്ഷപെടണമെങ്കിൽ ആരാധന ന ടത്തുന്നവളാകേണ്ടതുണ്ട്. അല്ലാഹുവിനെ ആരാധിക്കു ന്നവളാകണം. അവന്റെ ദാസ്യത്തിന്റെ കടമകൾ നിർ വഹിക്കുന്നവരാകണം. ആരാധന നിർവഹിക്കുന്നവർ ആകുമ്പോൾമാത്രമേ മറ്റു നന്മകൾ നിർവഹിക്കാനുള്ള അവസരം പ്രാപ്തമാകുകയുള്ളൂ. അല്ലാഹുവിനേയും തിരുദൂതരേയും സമ്പൂർണമായി അനുസരിക്കുമ്പോൾ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. അപ്പോൾ മാത്രമേ 'ഖാനിത്താത്തി'ൽ ഉൾപ്പെടുകയുള്ളൂ;പൂർണമായും അനുസരണം പുലർത്തുന്നവൾ.

സ്ത്രീ സ്വന്തം വീട്ടിൽ തന്റെ ഭർത്താവിന്റെ വീട്ടിന്റെ സംരക്ഷക ആക്കപ്പെട്ടിരിക്കുന്നു എന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു. അയാളുടെ അസാ ന്നിധ്യത്തിൽ സ്വന്തം വീടിന്റേയും മക്കളുടേയും സംര ക്ഷക ആയിത്തീരുക എന്ന ഉത്തരവാദിത്വമാണഅ അവൾക്കുള്ളത്. അതുകൊണ്ട് മക്കളുടെ ശിക്ഷണ കാര്യത്തിന്റെ ഉത്തരവാദിത്വം ഏറ്റവുമധികം സ്ത്രീ കളുടെമേൽ വെക്കപ്പെട്ടിരിക്കുന്നു. ഭർത്താവ് പുറ ത്തുള്ള പ്രവൃത്തികളിൽ മുഴുകിയിട്ടുണ്ടെങ്കിൽ, വീട്ടി ലില്ലെങ്കിൽ, സ്ത്രീയാണ് അവിടുത്തെ സംരക്ഷക. സ്കൂളിൽനിന്നു കുട്ടികൾ വീട്ടിൽ തിരിച്ചെത്തുമ്പോൾ സ്ത്രീകൾ വീട്ടിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. തന്മൂലം അവരുടെ ഭക്ഷണത്തെ കുറിച്ചുള്ള വിചാര മുണ്ടാകും. കൂടാതെ അവരുടെ സ്കൂളിലെ അവ സ്ഥകൾ ചോദിക്കാൻ സാധിക്കും. കൂടാതെ ഇതര ശിക്ഷണ സംബന്ധമായ കാര്യങ്ങളെ കുറിച്ചും അവരോട് പറയാൻ അവസരം കിട്ടും.

സ്വന്തം മക്കളുടെ മാനസികാവസ്ഥ മനസ്സിലാക്കി ഇവിടുത്തെ സാഹചര്യങ്ങളുടെ അതിപ്രസരം വീക്ഷി ച്ചുകൊണ്ട് നല്ലതും ചീത്തയും വേർതിരിച്ച് മനസ്സിലാക്കി കൊടുത്ത് കുട്ടികൾക്ക് ശിക്ഷണം നല്കുക. സ്വാത ന്ത്ര്യത്തിന്റെപേരിൽ ഇക്കാലഘട്ടത്തിൽ കുട്ടികളോട് ചെറുപ്പത്തിലെ അവരുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പറഞ്ഞു പഠിപ്പിച്ചു വരാറുണ്ട്. പ്രായപൂർത്തിയുടെ വയസ്സ് എത്തുന്നതിനു മുമ്പേ അവർക്ക് ഇക്കാര്യങ്ങൾ മനസ്സിലാകുകയേ ഇല്ല. ഇതു സംബന്ധമായ വിവര ങ്ങളുടെ ബോധമു ണ്ടാകുക സാധ്യമല്ല. എന്നിട്ടും ഇത് പറഞ്ഞു കൊണ്ടിരിക്കുന്നു. അറിവിന്റെപേരും പറഞ്ഞ് ഇത് പറഞ്ഞു കൊടുക്കുന്നു. വാസ്തവ ത്തിൽ അറിവിന്റെ പേരും പറഞ്ഞ് മക്കളെ ഇവർ സ്വാഭാവപരമായ ഇരുട്ടിൽ തള്ളാനാണ് ശ്രമിച്ചു വരു ന്നത്. കുട്ടികൾ ഇക്കാരണത്താൽ സ്വഭാവപരമായ ഇരുട്ടിൽ മുങ്ങുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ മാതാക്കൾ വീട്ടിന്റെ സ്വന്തം സംരക്ഷകർ എന്ന നിലയിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഈ അനാവശ്യവും ജുഗുപ്സാവഹവുമായ കാര്യങ്ങളെ പ്ര തിരോധിക്കാൻ വേണ്ടി സ്വയം വിവരശേഖരണം നടത്തി സൂക്ഷിക്കുകയും ചെയ്യേണ്ടുന്ന ഉത്തരവാദിത്വമുണ്ട്. കുട്ടികൾ സ്കൂളിൽനിന്നു പഠിച്ചു വരുന്ന കാര്യത്തെ കുറിച്ച് ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ നാണിക്കാതെ അത് ജുഗുപ്സാവഹമായതാണെങ്കിലും മറുപടി പ റഞ്ഞു കൊടുക്കുക. ഇത് തിന്മയാണെന്നും ഇപ്പോൾ നിങ്ങൾക്ക് ഇത് മനസ്സിലാകുന്ന പ്രായമല്ലെന്നും അവരോട് പറയുക. ഇപ്രകാരം സ്വന്തം മക്കളെ സംരക്ഷിക്കാൻ സാധിക്കും. അല്ലെങ്കിൽ ഈ ലൗകിക ലോകവും അന്തരീക്ഷവും നമ്മുടെ തലമുറകളുടെ ഇഹലോകവും പര്യവസാനവും നശിപ്പിച്ചു കളയും. ഓരോ അഹ്മദിയും വളരെ വ്യാകുലതയോടെ ഇക്കാ ര്യത്തിലേക്ക് ശ്രദ്ധ പുലർത്തേണ്ട ആവശ്യമുണ്ട്.

(തുടരും....)

(പേജ് 1 ൽ നിന്ന്)

മുഅ്മിൻ ഈ പദം ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം, ശ്രേഷ്ഠത കൈവരിക്കുന്നതിൽനിന്ന് തടയുന്ന ദൗർബല്യങ്ങളിൽനിന്ന് എന്നെ നീ രക്ഷിച്ചാലും എന്നാ യിരിക്കും. ഇട നിലയ്ക്കുള്ള മുഅ്മിനുവേണ്ടി ഈ പദം ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം, എന്റെ തെറ്റുകുറ്റങ്ങളെ പൊതിഞ്ഞ് വെച്ച് എനിക്ക് ഉന്നതമായ അഭിവൃദ്ധിക്ക് തൗഫീഖ് തന്നാലും എന്നായിരിക്കും. സാധാരണ മുഅ്മിൻ ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം എന്റെ ചുവടുകളെ ഈമാനുമേൽ സുസ്ഥിരമായി ഉറപ്പിച്ചു നിറുത്തിയാലും എന്നായിരി ക്കും; എന്റെ പാപങ്ങൾ എന്നെ എവിടെയെങ്കിലും കൊണ്ടുപോയി മുക്കാതിരിക്കട്ടെ എന്നായിരിക്കും. ഒരു സത്യന്വേഷി ഈ പദം ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം എന്റെ പാപം എന്നെ സന്മാർഗം പ്രാപിക്കുന്ന തിൽനിന്ന് തടയാതിരിക്കട്ടെ എന്നായിരിക്കും. അതു കൊണ്ട് എന്റെ പാപം മാപ്പാക്കിയാലും. ഈ പദത്തിന്റെ പ്രയോഗം വിവിധ അവസരങ്ങളുടെ അടിസ്ഥാനത്തിൽ എങ്ങനെയായിരിക്കുമെന്ന് വച്ചാൽ, ഉദാഹരണത്തിന് ജബ്ബാർ എന്ന പദമാണ്, അത് അല്ലാഹുവിനുവേണ്ടി പ റയുമ്പോൾ അതിന്റെ അർഥം പരിഷ്കർത്താവ് എന്നായി രിക്കും. ഈ പദം മനുഷ്യനുവേണ്ടി ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം അഹങ്കാരിയെന്നും നിയമലംഘകൻ എന്നുമായിരിക്കും. ഓർമിക്കേണ്ടതാണ് അല്ലാഹു തന്റെ നബിമാരെ കുറിച്ച് പറയുന്നു, അല്ലാഹു യജ്തബീ മിൻർറുസുലിഹി അപ്പോൾ അവരെ തിരഞ്ഞെടുക്കു മ്പോൾ അവരിൽപ്പിന്നെ പാപം എവിടന്ന് വരാനാണ്? അവരെ ദുൻയാവിൽനിന്നകറ്റി അല്ലാഹുവിന്റെ സമീ പത്തിരുത്തപ്പെട്ടപ്പോൾ അവരുടെയടുക്കൽ ശയ്ത്വൻ എവിടെന്ന് വരാനാണ്? ശയ്ത്വാൻ അല്ലാഹുവിന്റെ പേരു കേൾക്കുമ്പോൾ ഓടുന്നവനാണ്.ഇപ്രകാരം തന്നെ മറ്റൊരിടത്തു പറഞ്ഞു:ഇന്ന ഇബാദീ ലയ്സ ലക്ക അലയ്ഹിം സുൽത്വാനുൻ എന്റെ ദാസരുടെമേൽ തീർച്ചയായും നിനക്ക് ഒരു നിയന്ത്രണാധികാരവുമില്ല. അപ്പോൾ നിയമം ഇങ്ങനെയാകുമ്പോൾ ഏറ്റവും താഴെ നിലയിലുള്ള ആരാധകന്റെ സ്ഥാനത്തുള്ളവനേയും ശയ്ത്വാന്റെ നിയന്ത്രണത്തിൽനിന്ന് അല്ലാഹു സുര ക്ഷിതനാക്കി വെക്കുന്നു. അതിനാൽ അല്ലാഹുവിന്റെ പ്രത്യേക കാവലിലുള്ള പ്രവാചകന്മാരുടെ അടുത്ത് ശയ്ത്വാന്റെ പ്രവേശം എങ്ങനെ സാധ്യമാകാനാണ്. (തഫ്സീറേ കബീർ വാള്യം 3, പേജ് 489, ഖാദിയാൻ പ്രസിദ്ധീകരണം 2010)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആ യ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായി രിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin